# യുവജനലോകം

ഒക്ടോബർ 2023

യുദ്ധത്തിന് ഇറങ്ങിയ നീ! നിശ്ചലമായി നിൽക്കരുത്! താമസിക്കുകയും അരുത്!

# ധൈര്യമായി ഓടുക!



ആമുഖം



# ധൈര്യം!!

***പ്രിയമുള്ള യുവജനങ്ങൾക്ക് സ്നേഹാഭിവാദ്യങ്ങൾ!***

ഹംഗറി ദേശത്തിൽ സൈനിക ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ച കരോലി റ്റാക്കക്സ് സാമർത്ഥ്യത്തോടെ വെടിവെയ്ക്കുവാൻ കഴിവുള്ള വ്യക്തിയായിരുന്നു. വെടിവെയ്പ്പ് മത്സരത്തിൽ പങ്കെടുത്ത് വലിയ നേട്ടങ്ങൾ കൊയ്യണമെന്ന് ആഗ്രഹിച്ചയാൾ. എന്നാൽ ഹംഗറി സർക്കാർ, സൈനിക ഉദ്യോഗസ്ഥർ ഒളിമ്പിക്സിൽ പങ്കെടുക്കുന്നത് നിയമത്തിലൂടെ തടഞ്ഞിരുന്നു. അതുകൊണ്ട് 1930 - ൽ നടന്ന ഒളിമ്പിക്സിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. ആകയാൽ മാനസികമായി തളർന്നുപോയി. ചില നാളുകൾ കഴിഞ്ഞപ്പോൾ സർക്കാർ നിരോധനം നീക്കപ്പെട്ടു. എങ്ങനെയെങ്കിലും ഒളിമ്പിക്സിൽ പങ്കെടുത്ത് ജയിക്കുവാൻ കഠിനമായി പരിശ്രമിക്കുവാൻ തുടങ്ങി.



പിന്നീട് പ്രതീക്ഷയ്ക്ക് വിരോധമായി 1938 - ൽ അദ്ദേഹത്തിന്റെ വലത്തേ കൈവിരലുകൾ ബോംബ് സ്ഫോടനത്തിൽ തകർക്കപ്പെട്ടു. കരോലി റ്റാക്കക്സ് വളരെ തകർന്നുപോയി. അതിനുശേഷം വളരെ കഠിനമായി പരിശ്രമിച്ചു, ധൈര്യത്തോടെ പ്രവർത്തിച്ച് തന്റെ ഇടത് കൈ കൊണ്ട് വെടിവയ്ക്കുവാൻ പരിശീലിച്ചു തുടങ്ങി. 1940 ലെ ഒളിമ്പിക്സിൽ എങ്ങനെയെങ്കിലും പങ്കെടുത്ത് സ്വർണമെഡൽ നേടണം എന്ന സ്വപ്നത്തോടെ ആയിരുന്നു. എന്നാൽ രണ്ടാം ലോക മഹായുദ്ധം നിമിത്തം 1940 ലും 1944 ലും നടക്കേണ്ട ഒളിമ്പിക്സ് മത്സരങ്ങൾ റദ്ദാക്കി. ജീവിതത്തിൽ വീണ്ടും അദ്ദേഹം മാനസികമായി തകർന്നുപോയി. 1948 ൽ നിങ്ങളെക്കാൾ സമർത്ഥരും, കഴിവുള്ളവരുമായ മത്സരാർത്ഥികളോട് മത്സരിച്ച് എങ്ങനെ ജയിക്കുമെന്ന് എല്ലാവരും ചോദിച്ചപ്പോൾ, തന്റെ വിജയ യാത്രയിൽ കരോലി ധൈര്യത്തോടെ മുന്നേറി. ഒടുവിൽ സ്വർണമെഡലും നേടി റെക്കോർഡിട്ടു.

**ഇന്നത്തെ സാഹചര്യത്തിൽ തടസ്സം എന്നത് ഒഴിവാക്കുവാൻ കഴിയാത്തതായി മാറിയിരിക്കുന്നു.**


- എല്ലാ തടസ്സങ്ങളെയും മറികടന്ന്, ധൈര്യമായി ഓടിയെങ്കിൽ മാത്രമേ നേട്ടം കൊയ്യുവാൻ കഴിയുകയുള്ളൂ.
- നിശ്ചലമായി നിന്നാലും, മടിച്ച് നിന്നാലും ജയം നേടുവാൻ കഴിയില്ല.
- ധൈര്യത്തോടെ ഓടുന്ന എല്ലാവരും കരോലിയെ പോലെ ജയം നേടുന്നവരായി മാറും.

**യുവാക്കളേ, ഉണർവിന്റെ ഓട്ടത്തിൽ നീ നിശ്ചലമായി നിൽക്കരുത്, താമസിക്കുകയും അരുത്.**

**എന്തെന്നാൽ, ശത്രു നമ്മെക്കാൾ വേഗത്തിൽ ഉണർവിന് വിരോധമായി ദേശത്തിൽ പല തിന്മകളും ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ, അഭിഷേകം പ്രാപിച്ച നീ,**

**വിളി സ്വീകരിച്ച നീ,**

***ദേശം അവകാശമാക്കുവാൻ ധൈര്യമായി ഓടുക;***
***ഓടിക്കൊണ്ടേയിരിക്കുക,***
***നിന്നെ തടയുവാൻ ആരുമില്ല!***



*ക്രിസ്തുവിന്റെ വേലയിൽ*
*അവിനാഷ്*

# "പോരാട്ടം" ഇല്ലാതെ "ജയം" ഇല്ല!



യുവജേതാക്കൾക്ക് എന്റെ സ്നേഹവന്ദനങ്ങൾ! യൗവനപ്രായം എന്നത് ഒരു മഹത്തായ പ്രായമാണ്. ഈ കൗമാരപ്രായത്തിൽ നിങ്ങൾ ഏതിനെ നോക്കി ഓടുന്നുവോ, അതാണ് നിങ്ങളുടെ ഭാവിയായി മാറുന്നത്. ഈ കൗമാരപ്രായത്തിൽ നിങ്ങൾ എടുക്കുന്ന ഓരോ തീരുമാനവും ശരിയായ വിധത്തിൽ, ശരിയായ രീതിയിൽ, ശരിയായ സമയത്ത് ഉണ്ടാകുമെങ്കിൽ നമ്മുടെ ജീവിതവും അനേകർക്ക് മാതൃകയായി തീരും. അങ്ങനെ മാതൃകയായി തീർന്ന ഒരു ജേതാവിന്റെ ജീവിതം നിങ്ങൾക്കായി.

ഹരി മോഹൻ എന്നയാൾ മുംബൈയിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച വ്യക്തിയായിരുന്നു. ചെറുപ്രായത്തിൽ തന്നെ സംഗീതം, ക്രിക്കറ്റ് എന്നീ രണ്ട് വിഷയങ്ങളിൽ വളരെ താല്പര്യമുണ്ടായിരുന്ന വ്യക്തി. തന്റെ സ്കൂൾ, കോളേജ് വിദ്യാഭ്യാസ നാളുകളിൽ വളരെ ശ്രദ്ധയോടെ പഠിച്ച് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനേകം ബിരുദങ്ങൾ നേടി. ഇന്ത്യൻ അന്തർദേശീയ സ്ഥാപനമായ വിപ്രോയിൽ ബിസിനസ് ഹെഡ് ആയി തൊഴിൽ മേഖലയിൽ തന്നെ ജീവിതം ആരംഭിച്ചു. പ്രാരംഭ കാലഘട്ടം വളരെ പോരാട്ടം നിറഞ്ഞതായിരുന്നു എങ്കിലും, ഹരി മേനോൻ പോരാടി ബിസിനസ് മാർക്കറ്റിൽ ജയത്തോടെ പ്രവേശിച്ചു. സ്നേഹിതന്മാരായ നാലു പേരോടൊപ്പം ചേർന്ന് **Fabmart** എന്ന ഓൺലൈൻ ബിസിനസ്സിൽ കാൽ വച്ചു. **'Fabmart'** എന്നത് **'Amazon'**, **'Flipkart'** എന്നിവയുടെ അതേ ജോലിയാണ് ചെയ്യുന്നത്.



പ്രവേശിച്ച ആദ്യ വർഷത്തിൽ യാതൊരു വളർച്ചയോ, ലാഭമോ ഉണ്ടായില്ല. വലിയ വീഴ്ച ഉണ്ടായി. വീഴ്ച നേരിട്ട ഹരി മേനോനും തന്റെ സ്നേഹിതന്മാരും തളർന്നുപോകാതെ വീണ്ടും ഉത്സാഹത്തോടെ **'Fabmart'** എന്ന ഇന്ത്യയുടെ സംഘടിത ഓൺലൈൻ ആൻഡ് ഓഫ് ലൈനിൽ ചില്ലറ വ്യാപാരം നടത്തുന്ന സ്ഥാപനം ആരംഭിച്ചു. തമിഴ്നാട്, ആന്ധ്ര, കേരളം കൂടാതെ കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ മുന്നൂറോളം കടകളിൽ പലവ്യഞ്ജന ചില്ലറ വ്യാപാരം വിശാലമാക്കി.

അതിനുശേഷം 2011 ൽ " ബിഗ് ബാസ്ക്കറ്റ്" എന്ന സ്ഥാപനം ആരംഭിച്ചു. ബിഗ് ബാസ്ക്കറ്റ് എന്ന ഓൺലൈൻ ഷോപ്പിങ്ങിൽ 1000ത്തിലും അധികം ബ്രാൻഡുകൾ കൂടാതെ 20,000ത്തിലും അധികം ഉൽപ്പന്നങ്ങൾ കാണുവാൻ സാധിക്കും. ബിഗ് ബാസ്ക്കറ്റിൽ പച്ചക്കറികൾ തുടങ്ങി സകലവിധ വസ്തുക്കളും കുറഞ്ഞ വിലയിൽ വിൽപ്പന ചെയ്യുന്നു. ബിഗ് ബാസ്ക്കറ്റ് ആരംഭിച്ച് ആറു മാസങ്ങൾ വളരെ കഠിനമായ സാഹചര്യത്തിലൂടെ പോകേണ്ടി വന്നു. എങ്കിലും ഹരി മേനോൻ വെല്ലുവിളികളെ നേരിട്ടു. മുമ്പ് ഉണ്ടായ സ്ഥാപനങ്ങളിൽ അനേകം നഷ്ടങ്ങൾ നേരിട്ടത് കൊണ്ട് ഇതിൽ വളരെ എളുപ്പത്തിൽ വിജയം കണ്ടെത്തുവാൻ തുടങ്ങി. ഇന്ന് ബിഗ് ബാസ്ക്കറ്റിന്റെ മൂല്യം കോടികളിലേക്ക് ഉയർന്നിരിക്കുന്നു. ബിഗ് ബാസ്ക്കറ്റിനെ കുറിച്ച് അറിയാത്തവർ ആരുമില്ല. പല നേട്ടങ്ങളും ഹരി മേനോൻ കൈവരിച്ചിട്ടുണ്ട്.




**ഇത് വായിക്കുന്ന സ്നേഹിതരെ, ജയം പ്രാപിക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ, ജയത്തിനായി എടുത്തുവയ്ക്കുന്ന ഓരോ അടിയും വളരെ പ്രധാനപ്പെട്ടതാണ്. പരാജയം വന്നാൽ സന്തോഷിക്കുവാൻ പഠിക്കുക. എന്തെന്നാൽ, ആ പരാജയം തന്നെ നിങ്ങളെ ജയത്തിലേക്ക് നയിക്കും. ജയം കണ്ട് ആസ്വദിക്കുന്നതോടുകൂടി നിർത്താതെ അതിനുമുകളിൽ ഒരുപടികൂടെ ചെന്ന് അത് നിങ്ങളുടേതാക്കി മാറ്റുക.**



# ആത്മഹത്യക്ക് ശ്രമിച്ച എജാസിനെ അന്വേഷിച്ചു വന്ന യേശു!

**മുസ്ലീം മാർഗ്ഗത്തിൽ ജനിച്ച് വളർത്തപ്പെട്ട്, അതിൽ വളരെയധികം തീവ്രമായ ഭക്തി ഉണ്ടായി, തന്റെ ദൈവത്തെ നേരിൽ കാണണം എന്ന പരിശ്രമത്തിൽ പരാജയപ്പെട്ട്, ആത്മഹത്യയ്ക്ക് ശ്രമിച്ച സഹോദരനെ സത്യദൈവമായ യേശു രക്ഷിച്ച് തന്റെ സാക്ഷിയായി നിലനിർത്തിയിരിക്കുന്നതിനെക്കുറിച്ച് അദ്ദേഹത്തിൽ നിന്ന് തന്നെ കേൾക്കാം.വരിക .**

**താങ്കളുടെ ബാല്യകാലം, കുടുംബം എന്നിവയെക്കുറിച്ച് പറയാമോ?**

എന്റെ പേര് മുഹമ്മദ് എജാസ്. ഞാൻ തിരുനെൽവേലിയിൽ തെങ്കാശിയിൽ ജനിച്ചു വളർന്നു. ഞാൻ ഒരു പാരമ്പര്യ മുസ്ലീം കുടുംബത്തിൽ ജനിച്ചു. എനിക്ക് അഞ്ച് വയസ്സായപ്പോൾ പിതാവ്



മരിച്ചു. എന്റെ മുത്തച്ഛൻ വലിയ സമ്പന്നനായതുകൊണ്ട് അതിനുശേഷം അവരോടൊപ്പം ചേർന്ന് ജീവിച്ചു. പന്ത്രണ്ടാം വയസ്സിൽ തന്നെ അറബി എഴുതുവാനും വായിക്കുവാനും ഞാൻ അഭ്യസിച്ചു. ഖുർആൻ 7,8 തവണ വായിച്ച് പൂർത്തിയാക്കി. ബാല്യത്തിൽ തന്നെ എന്റെ മതത്തെ കുറിച്ചുള്ള തീവ്രമായ ഭക്തിയിൽ നിറഞ്ഞിരുന്നു. ഖുർആൻ എന്തുപറയുന്നു അത് മാത്രം ഞാൻ പിന്തുടരും. ദിവസവും അഞ്ച് തവണ പള്ളിയിൽ നിസ്കാരത്തിന് പോകും. അതിരാവിലെ മൂന്നര മണിക്ക് ഞാൻ എഴുന്നേറ്റ് നിസ്കാരം കഴിഞ്ഞിട്ട്, ഓരോ വീടുകളിലും ചെന്ന് "എന്തുകൊണ്ട് ഇന്ന് നിസ്കാരത്തിന് വന്നില്ല?" എന്ന് വാതിലിൽ മുട്ടി ചോദിക്കും. ഇങ്ങനെ എന്റെ ദൈവത്തിൽ അതിയായ ഭക്തിയുള്ളവനായിരുന്നു.

**ചെറുപ്രായത്തിൽ ക്രിസ്ത്യാനിത്വത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്തായിരുന്നു?**

അള്ളാഹു അല്ലാതെ വേറെ ആരുമില്ല, മറ്റെല്ലാ ദേവന്മാരും മൂഢന്മാർ എന്ന് പറയും. ക്രിസ്ത്യാനികളെ കണ്ടാൽ തന്നെ എനിക്ക് ഇഷ്ടപ്പെടുകയില്ല. ക്രിസ്ത്യാനിത്വത്തിൽ വിശുദ്ധിയെന്ന് പറയുന്നത് പോലെ, ഇസ്ലാമിൽ ഈമാൻ എന്ന രീതിയെ ഞങ്ങൾ പിന്തുടരുന്നു.



ഈമാൻ - എന്നു പറഞ്ഞാൽ, തലയിൽ തൊപ്പി വയ്ക്കുക, താടി വളർത്തുക, മദ്യപാനം ഉപേക്ഷിക്കുക, കണങ്കാൽ വരെയുള്ള പാന്റ് ധരിക്കുക. ഇവയെല്ലാം തന്നെ ഞാൻ എന്റെ

ബാല്യം മുതൽ ആചരിച്ചു പോന്നു. യേശുവിനെക്കുറിച്ച് ഒന്നുമറിയില്ല, എങ്കിലും സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ക്രിസ്ത്യാനികളുമായി വാഗ്വാദം നടത്തുകയും യേശുവിനെ കുറിച്ച് മോശമായി സംസാരിക്കുകയും ചെയ്തുപോന്നു.

**ശരി ... നിങ്ങളുടെ ദൈവത്തിന്റെ മേൽ അമിതമായ സ്നേഹം പുലർത്തിയിരുന്നു. നിങ്ങളുടെ ദൈവം നിങ്ങൾ ചോദിച്ചതെല്ലാം നൽകിയോ?**

2004 -ാം ആണ്ടിൽ എന്റെ മുത്തച്ഛൻ മരിച്ചു. അതിനുശേഷം ഞങ്ങളുടെ കുടുംബത്തിലെ ചില പ്രശ്നങ്ങൾ നിമിത്തം തെങ്കാശിയിൽ നിന്ന് തിരുനെൽവേലിയിലേക്ക് താമസം മാറി. അതിനുശേഷം ഞങ്ങളുടെ കുടുംബം വളരെ കഷ്ടപ്പെടുവാൻ തുടങ്ങി. അപ്പനില്ല എന്നുള്ള അപകർഷതാ ബോധം എന്റെ ഉള്ളിൽ വളരുവാൻ തുടങ്ങി. അപ്പോൾ ഒരു ദിവസം എന്റെ ഹൃദയത്തിൽ എങ്ങനെയെങ്കിലും അല്ലാഹുവിനെ നേരിൽ കാണണമെന്നും, അല്ലെങ്കിൽ അല്ലാഹുവിന്റെ അടുക്കൽ എത്തണമെന്നും തീരുമാനിച്ചു. ഒരു ദിവസം അഞ്ച് തവണ നിസ്കരിക്കുന്ന ഞാൻ 30 തവണ നിസ്കരിക്കുവാൻ ആരംഭിച്ചു. രാവിലെ ഉണരുന്നത് മുതൽ രാത്രി ഉറങ്ങുന്നത് വരെ എപ്പോഴും നിസ്കാരത്തിൽ ആയിരിക്കും. എന്റെ ബന്ധുക്കൾ "നീ എന്താണ് ഇങ്ങനെ ഭ്രാന്തനെ പോലെ പെരുമാറുന്നത്?" എന്ന് ചോദിക്കും. എനിക്ക് അല്ലാഹുവിന്റെ മേൽ അത്രയധികം താൽപര്യമായിരുന്നു.

**ശരി ... അല്ലാഹുവിനെ അത്രയധികം സ്നേഹിച്ചത് നിമിത്തം 30 തവണ നിസ്കരിച്ചു. അല്ലാഹു നിങ്ങളെ സന്ദർശിച്ചുവോ? നിങ്ങളുടെ പ്രശ്നങ്ങൾ അവസാനിച്ചുവോ?**



പറയാം, മൂന്ന് ദിവസം ഇങ്ങനെ 30 തവണ നിസ്കരിച്ചിട്ടും ഒന്നും നടന്നില്ല. അതുകൊണ്ട് എന്റെ ഉള്ളിൽ ഒരു ശൂന്യത വരുവാൻ തുടങ്ങി. ആയതിനാൽ നാം നേരിട്ട് അല്ലാഹുവിന്റെ അടുക്കൽ പോയേക്കാം എന്ന് ചിന്തിച്ച് 2005 ജനുവരി രണ്ടാം തീയതി ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചു, തിരുനെൽവേലിയിൽ നിർജനമായ ഒരു സ്ഥലത്ത് ഒരു മരത്തിന്റെ കീഴിൽ പോയിരുന്നു. അപ്പൻ ഇല്ലാത്തതുകൊണ്ട് എന്നെ ശ്രദ്ധിക്കുവാൻ ആരുമില്ലല്ലോ, എന്റെ ജീവിതം അവസാനിക്കുവാൻ പോകുന്നു. ഇങ്ങനെ ഏറെക്കുറെ നാല് മുതൽ അഞ്ച് മണിക്കൂർ വരെ കരഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് ആ മരത്തിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ അതിൽ "നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും" എന്ന ഒരു വചനം എഴുതിയിരുന്നു. ആ വചനം കണ്ടിട്ട് വീണ്ടും കരഞ്ഞു കൊണ്ടിരുന്നു. ആ വചനത്തെ ഒരു തവണ മാത്രമാണ് ഞാൻ നോക്കിയത്. എന്നാൽ ആ വചനം എന്നോട്



സംസാരിക്കാൻ തുടങ്ങി. "എന്റെ മകനെ നീ വീട്ടിലേക്ക് പോക!" എന്നിങ്ങനെ വീണ്ടും വീണ്ടും ഒരു ശബ്ദം എന്നോട് സംസാരിക്കാൻ തുടങ്ങി. ഞാൻ "ശരി" എന്ന് സമ്മതിച്ച് വീട്ടിൽ വന്ന് നന്നായി ഉറങ്ങി.

**ശരി ... ആ ശബ്ദം കേട്ട് ആത്മഹത്യാ ചിന്ത ഉപേക്ഷിച്ച് വീട്ടിലേക്ക് പോയി നന്നായി ഉറങ്ങി, ...ആ ശബ്ദം ആരുടേത് എന്ന് തിരിച്ചറിഞ്ഞുവോ?**

അതെ! ആരും ഇല്ലാത്ത മുറിയിൽ ഞാൻ ഉറങ്ങി കിടക്കുന്ന സമയത്ത്, ഒരു വലിയ വെളിച്ചം മുറിയിൽ നിറഞ്ഞു. ഞാൻ കണ്ണുകൾ തുറന്നു നോക്കിയപ്പോൾ, എന്റെ അരികിൽ ഒരാൾ നിൽക്കുന്നത് കണ്ടു. ഇത് "യേശു" ആകുന്നു എന്ന് ഹൃദയത്തിൽ ഒരു ശബ്ദം മുഴങ്ങിക്കൊണ്ടേയിരുന്നു. ആ മുറിയിൽ യേശു എന്റെ അരികിൽ നിൽക്കുന്നത് കണ്ട് ഞാൻ ആശ്ചര്യപ്പെട്ടു. യേശുവിനെ കണ്ടയുടനെ ഞാനറിയാതെ പാപങ്ങൾ ഏറ്റുപറയുവാൻ തുടങ്ങി. ഞങ്ങൾക്ക് പാപം ഏറ്റുപറയുന്ന ശീലം ഒന്നും ഇല്ല. പാപം ഏറ്റുപറയുക എന്ന് വച്ചാൽ എന്താണെന്നുപോലും അറിയാത്ത ഞാൻ 1.30 മണിക്കൂർ നേരം അന്ന് വരെ ചെയ്ത, ആർക്കും അറിഞ്ഞുകൂടാത്ത, എന്റെ ഹൃദയത്തിന്റെ ഇരുട്ടറയ്ക്കുള്ളിൽ മറഞ്ഞു കിടന്ന പാപങ്ങൾ മുഴുവൻ ഏറ്റുപറഞ്ഞിട്ട് കിടന്നുറങ്ങി. "ഞാൻ എന്തുകൊണ്ട് യേശുവിനെ കണ്ടു? ഞാൻ അല്ലാഹുവിനെയോ, അല്ലെങ്കിൽ മുഹമ്മദ് നബിയെയോ ആണല്ലോ കാണണം എന്ന് ആഗ്രഹിച്ചത്! " എന്ന് എന്റെ ഉള്ളിൽ ഒരു വലിയ ചോദ്യമുയർന്നു. ഈ ചിന്ത മനസ്സിലൂടെ കടന്നുപോയിക്കൊണ്ടിരുന്നു. അങ്ങനെ ഞാൻ വീട്ടിൽ ടിവി കണ്ടുകൊണ്ടിരിക്കുമ്പോൾ ഒരു

സുവിശേഷ വേലക്കാരൻ 'ദൈവം സ്നേഹമാകുന്നു' എന്ന തലക്കെട്ടിൽ സംസാരിച്ചുകൊണ്ടിരുന്നു.

**"യേശു എന്തുകൊണ്ട് എന്നെ സന്ദർശിച്ചു" എന്ന ചോദ്യത്തിന് മറുപടി ലഭിച്ചുവോ?**

എന്റെ ജീവിതത്തിൽ ദൈവം സ്നേഹം തന്നെ എന്ന് അപ്പോഴാണ് ഞാൻ കേട്ടത്. യേശു സ്നേഹവാൻ എന്ന് കേട്ടപ്പോൾ, യേശുവിനെ വീണ്ടും കാണണമെന്നുള്ള ആഗ്രഹം എന്റെ ഉള്ളിലുണ്ടായി. എന്നാൽ ഞാൻ യേശുവിനെ അവഗണിച്ചവൻ, യേശുവിനെ നിന്ദിച്ച് പരിഹസിച്ചവൻ. ആ യേശു എന്നെ സ്നേഹിക്കുന്നു എന്ന് ചിന്തിക്കുവാൻ തുടങ്ങി. അന്ന് രാത്രി യേശുവിനെ വീണ്ടും മുഖാമുഖമായി കണ്ടു. യേശു എന്നോട് വാത്സല്യത്തോടെ സംസാരിച്ചു. എനിക്ക് അപ്പൻ ഇല്ലാത്തതുകൊണ്ട് അപ്പനും മകനുമായുള്ള ബന്ധം എങ്ങനെയായിരിക്കും എന്ന് എനിക്കറിയില്ല. യേശു എനിക്ക് ആ സ്നേഹം നൽകി. അപ്പൻ - മകൻ ബന്ധം വളരുവാൻ തുടങ്ങി. ഇതെങ്ങനെ അമ്മയെ പറഞ്ഞു മനസ്സിലാക്കും എന്നറിയാതിരിക്കുമ്പോൾ പാളയംകോട്ടയിൽ ഒരു ക്രൈസ്തവ യോഗം നടക്കുന്നതായി കേട്ടു. അവിടെ എന്ത് നടക്കുന്നു എന്ന് കണ്ടിട്ട് വരാം എന്ന് പറഞ്ഞു. എന്റെ മാതാവ് അവിടെയെങ്ങും പോകരുത് എന്ന് പറഞ്ഞു. വളരെ നിർബന്ധിച്ച് ചോദിച്ചപ്പോൾ ഞാനും നിന്നോടുകൂടെ വരുന്നു എന്ന് പറഞ്ഞ്, ഞാനും എന്റെ മാതാവും ആരും അറിയാതെ ആ മണ്ഡപത്തിന്റെ ഏറ്റവും അവസാനനിരയിൽ പോയിരുന്നു. ഉടനെ ആ ശുശ്രൂഷകൻ, "ദൈവം ഒരു മുസ്ലീം കുടുംബത്തെ കൊണ്ടുവന്നിരിക്കുന്നു. ആ യൗവനക്കാരനെ ദൈവം



തിരഞ്ഞെടുത്തിരിക്കുന്നു. മറ്റൊരു തോട്ടത്തിലുള്ള ചെടിയെ പിഴുതെടുത്ത് അവന്റെ തോട്ടത്തിൽ നട്ട്, അത് വലിയൊരു തോട്ടമായി, വയലായി ദൈവത്തിനായി ഫലം കൊടുക്കും" എന്നു പറഞ്ഞു. ഇങ്ങനെയൊക്കെ സംസാരിക്കുന്നത് ഞാൻ കണ്ടിട്ടും കേട്ടിട്ടും ഇല്ലായിരുന്നു. ഞാൻ ആത്മഹത്യ ചെയ്യുവാൻ പോയപ്പോൾ എന്നെ വിടുവിച്ച യേശുവിനെ ആകുന്നു ഇദ്ദേഹം പ്രസംഗിക്കുന്നത് എന്ന് അപ്പോൾ മനസ്സിലാക്കി. യേശു ശരിക്കും ജീവിക്കുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു.

**സൂപ്പർ ... യേശുവിനെ അറിഞ്ഞു ... യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചുവോ?**

യേശുവിനെ അറിഞ്ഞശേഷം വേദപുസ്തകം വാങ്ങി വായിക്കുവാൻ തുടങ്ങി. ഞാൻ അന്ന് മരത്തിൽ കണ്ടതായ വചനം



യോഹന്നാൻ 16:20 ൽ ഉണ്ടായിരുന്നു. വേദപുസ്തകം എങ്ങനെ വായിക്കണം എന്ന് യേശു തന്നെ പഠിപ്പിച്ചു. യേശുവിനെ വീണ്ടും ആഴമായി സ്നേഹിക്കുവാൻ തുടങ്ങി. ഞാൻ വേദപുസ്തകം വായിക്കുംതോറും, എന്റെ സ്വഭാവം ( ഗർവ്വ്, ആരെയും മാനിക്കാത്ത സ്വാഭാവം, കഠിന ഹൃദയം) മാറുവാൻ തുടങ്ങി. ഇത് കണ്ട എന്റെ മാതാവ് 2 ആഴ്ചകൾക്കുള്ളിൽ കർത്താവിനെ സ്വീകരിച്ചു. എന്റെ മുത്തശ്ശി 4 വർഷങ്ങൾ കഴിഞ്ഞ് വെള്ളത്തിൽ മുങ്ങി സ്നാനമേറ്റു. എന്റെ അപ്പൂപ്പനും, ചേച്ചിയും5 വർഷങ്ങൾ കഴിഞ്ഞ് രക്ഷിക്കപ്പെട്ടു. ഇന്ന് ഞങ്ങളുടെ കുടുംബം മുഴുവനും രക്ഷിക്കപ്പെട്ട് സാക്ഷികളായി ജീവിക്കുന്നു.

**രക്ഷിക്കപ്പെട്ട ശേഷം നിങ്ങളുടെ ജീവിതത്തിൽ വന്ന പ്രശ്നങ്ങളെ നിങ്ങൾ എങ്ങനെയാണ് മറികടന്നത്?**

ഞാൻ രക്ഷിക്കപ്പെട്ട ശേഷം മുസ്ലീം കോളേജിൽ സോഫ്റ്റ് വെയർ എൻജിനീയറിങ് പഠിക്കുവാൻ എനിക്ക് അവസരം ഉണ്ടായി പഠിക്കുവാൻ തുടങ്ങി. അവിടെ നിസ്കാര സ്ഥലത്ത് പോകുന്നത് ഒഴിവാക്കി. ഇത് കണ്ട പ്രൊഫസർ ഒരു ദിവസം "എന്തുകൊണ്ടാണ് നീ നിസ്കാരത്തിന് വരാത്തത്? ഏതെങ്കിലും ആലയത്തിൽ പോകുന്നുണ്ടോ? അല്ലെങ്കിൽ ഏതെങ്കിലും ക്രിസ്ത്യൻ പെൺകുട്ടിയെ പ്രേമിക്കുന്നുവോ?" എന്ന് ചോദിച്ചു. അതിന് "ഞാൻ ദിവസവും പള്ളിയിൽ വരുന്നുണ്ട്, താങ്കൾ എന്നെ കാണുന്നില്ലേ!" എന്ന് ചോദിച്ചു. ഇത് പറഞ്ഞു കഴിഞ്ഞ ഉടനെ പരിശുദ്ധാത്മാവ് "നീ എനിക്ക് സാക്ഷിയായി നിൽക്കില്ലയോ? നീ ചോദിച്ചതെല്ലാം ഞാൻ നിനക്ക് നൽകിയിട്ടുണ്ട്" എന്ന് പരിശുദ്ധാത്മാവ് ഇടപെട്ടു. എന്റെ ഹൃദയം നുറുങ്ങിപ്പോയി. ഉടനെ പ്രൊഫസറെ വിളിച്ച്,



"ക്ഷമിക്കണം, ഞാൻ മുസ്ലീം അല്ല! ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ഞാനിപ്പോൾ നിസ്കരിക്കാൻ പോകാറില്ല. ആലയത്തിലേക്കാണ് പോകുന്നത്" എന്ന് പറഞ്ഞു. ഒരു മണിക്കൂർ നേരം ഞങ്ങൾക്കിടയിൽ വാഗ്വാദം ഉണ്ടായി. അവസാനം "നീ ഈ കോളേജിൽ പഠിച്ചാൽ മറ്റുള്ളവരെ നീ നശിപ്പിക്കും! അതുകൊണ്ട്, നീ ഈ കോളേജിൽ പഠിക്കരുത്. നിന്നെ മറ്റൊരു കോളേജിലേക്ക് അയക്കാം" എന്ന് പറഞ്ഞു.

പിന്നീട് അൽപനേരം ചിന്തിച്ചിട്ട്, "നീ ആരോടും ക്രിസ്ത്യാനി എന്ന് പറയാതിരുന്നാൽ നിനക്ക് ഈ കോളേജിൽ തന്നെ തുടർന്ന് പഠിക്കാം" എന്ന് പറഞ്ഞു.

ഞാനും പറയുകയില്ല എന്ന് സമ്മതിച്ചു. ഇനി ആരോടും പറയുകയില്ല എന്ന് പറഞ്ഞ നിമിഷം മുതൽ, എല്ലാവരോടും ഞാൻ യേശുവിനെ കണ്ടു, യേശു ജീവനോടിരിക്കുന്നു എന്ന് പറയുവാൻ തുടങ്ങി. യേശുവിനെക്കുറിച്ച് എനിക്ക് അധികം ഒന്നും പറയുവാൻ അറിയില്ല. എന്നാൽ, പരിശുദ്ധാത്മാവ് ജ്ഞാനം നൽകുകയും എന്നെ സംസാരിപ്പിക്കുകയും ചെയ്തു.



യേശുവിനെ സ്വീകരിച്ചതുകൊണ്ട് ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. അനേകർ എന്നെ ഉപദ്രവിക്കണമെന്നും, മാറ്റണമെന്നും ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്തു. എന്നാൽ യേശു എന്നെ ആരുടെ കൈയിലും വിട്ടുകൊടുത്തില്ല.

**കേൾക്കുമ്പോൾ സന്തോഷമായിരിക്കുന്നു. ശരി, ഇപ്പോൾ നിങ്ങൾ നിങ്ങൾക്ക് പുതുജീവൻ നൽകിയ യേശുവിനായി എന്ത് ചെയ്യുന്നു?**

ഞാനൊരു ബിസിനസ്സുകാരൻ ആകുന്നു. ഇന്ത്യയിലും വിദേശത്തും ബിസിനസ് ചെയ്തുകൊണ്ട് തന്നെ പകുതി നേരം കർത്താവിനായി ശുശ്രൂഷ ചെയ്തുവരുന്നു. സഭകൾ, കോളേജുകൾ, യൗവനക്കാരുടെ യോഗങ്ങൾ, ക്രിസ്ത്യൻ സ്ഥാപനങ്ങൾ മറ്റ് പല സ്ഥലങ്ങളിലും എന്റെ സാക്ഷിയെ കർതൃനാമ മഹത്വത്തിനായി പങ്കുവച്ച് വരുന്നു. മാത്രമല്ല, മുസ്ലീങ്ങളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്ത് അവരെ ജീവനുള്ള ദൈവമായ യേശുവിലേക്ക് വഴി നടത്തുവാൻ താല്പര്യം പ്രകടിപ്പിക്കുന്നവർക്ക് പരിശീലനം നൽകിവരുന്നു. അത് മാത്രമവുമല്ല, യൂട്യൂബിലൂടെയും യേശുവിനെ അനേകരോട് അറിയിച്ചു വരുന്നു.

**നിങ്ങളുടെ വിവാഹജീവിതത്തെക്കുറിച്ച് പറഞ്ഞാലും!**

ഞാൻ 2018 ജൂൺ മാസം ക്രിസ്തീയ വിശ്വാസം അനുസരിച്ച് പ്രസന്നയെ വിവാഹം കഴിച്ചു. അവർ



യേശുവിനെ അറിയാത്ത കുടുംബത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവരാകുന്നു. എനിക്ക് എട്ട് വയസ്സുള്ള ഐവനടാഷ എന്ന മകളും നാലര വയസ്സ് പ്രായമുള്ള കാതോഷ് ലരായ് എന്ന മകനുമുണ്ട്. എന്റെ ഭാര്യ എന്നോടൊപ്പം ബിസിനസ്സിലും, ശുശ്രൂഷയിലും സഹായിയായി പ്രവർത്തിക്കുന്നു.

**സ്നേഹമുള്ള യുവാക്കളെ! പാരമ്പര്യ ക്രിസ്ത്യാനികൾ എന്ന് അഭിമാനം കൊള്ളുന്ന അനേകർ ഇന്ന് യേശുവിനെ അറിയിക്കുവാൻ ധൈര്യമില്ലാതിരിക്കുമ്പോൾ, ഒരു മുസ്ലീം കുടുംബത്തിൽ ജനിച്ച് സത്യദൈവമായ യേശുവിനെ കണ്ട് രക്ഷിക്കപ്പെട്ട സഹോദരൻ മുഹമ്മദ് എജാസ് യാതൊരു മടിയും കൂടാതെ ധൈര്യത്തോടെ യേശുവിനെ പ്രസംഗിക്കുന്നത് നമുക്കെല്ലാം ഒരു ആവേശം നൽകുന്നില്ലയോ? നിനക്ക് വേണ്ടിയും എനിക്ക് വേണ്ടിയും ക്രൂശിൽ തന്റെ ജീവൻ യാഗമായി നൽകിയ യേശുവിനെ അറിയിക്കുവാൻ ധൈര്യമായി ഓടുവാൻ നീ തയ്യാറാണോ?**



# പുതിയ ആരംഭം കുറിക്കാം!

Heart Beat



ഞാൻ 10 -ാം ക്ലാസിൽ പഠിക്കുമ്പോൾ ഞങ്ങളുടെ ഗ്രാമത്തിനടുത്ത് പാർത്തിരുന്ന അക്രൈസ്തവനായ ഒരാളെ ഇഷ്ടപ്പെടുവാൻ തുടങ്ങി. എന്റെ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കി ജോലി ചെയ്യുന്നതുവരെ ആ പ്രണയം നീണ്ടു നിൽക്കുകയായിരുന്നു. പിന്നീട് എന്റെ രക്ഷാകർത്താക്കൾ ഇതറിഞ്ഞ്, വളരെയധികം എതിർപ്പ് പ്രകടിപ്പിച്ചു. എന്നെ വളരെയധികം അടിച്ചു, പീഡിപ്പിച്ചു. അദ്ദേഹം എന്നെ വളരെ സ്നേഹിച്ചു. അവസാനം വരെ നോക്കി കൊള്ളാം എന്ന് പറഞ്ഞു. അതുകൊണ്ട് അദ്ദേഹത്തിന് വേണ്ടി ഞാൻ എല്ലാം സഹിച്ചു. എന്നാൽ ചില മാസങ്ങൾക്ക് മുമ്പ് അദ്ദേഹം എന്റെ അടുക്കൽ വന്ന്, ഞാൻ മറ്റൊരു പെൺകുട്ടിയെ വിവാഹം ചെയ്യണമെന്ന് എന്റെ മാതാപിതാക്കൾ എന്നെ നിർബന്ധിച്ചു എന്ന് പറഞ്ഞ് തന്റെ വിവാഹ ക്ഷണക്കത്ത് എനിക്ക് നൽകിയിട്ട് പോയി. എനിക്ക് ആ ചതി അംഗീകരിക്കുവാൻ കഴിഞ്ഞില്ല. എന്റെ ഹൃദയം നുറുങ്ങിപ്പോയി. എന്നെക്കൊണ്ട് ഒരു ജോലിയും ചെയ്യുവാൻ കഴിയുന്നില്ല. അതിനാൽ ഞാൻ എന്റെ ജോലി രാജിവച്ചു. ഞാൻ ഓരോന്നാളും മരിച്ചുകൊണ്ടിരിക്കുന്നു. ഈ വേദനയിൽ നിന്ന് പുറത്തുവരുന്നതിന് മുമ്പ് എന്റെ വീട്ടിൽ എനിക്ക് കല്യാണാലോചനകൾ വന്നുതുടങ്ങി. എന്റെ പ്രണയവിഷയം അറിയുന്ന എല്ലാവരും തന്നെ മാറിപ്പോകുന്നു. ഞാൻ നിമിത്തം എന്റെ മാതാപിതാക്കൾക്ക് വളരെ അപമാനവും ദുഃഖവും ഉണ്ടായിരിക്കുന്നു. എന്റെ പാപത്തിന് പരിഹാരം എന്താണെന്ന് എനിക്ക് അറിയില്ല. എനിക്ക് ജീവിക്കുവാനും താല്പര്യമില്ല. എന്നെ സഹായിക്കുക. - മലർ എയ്ഞ്ചൽ, തിരുപ്പൂർ.

പ്രിയ സഹോദരി മലർ, നിങ്ങളുടെ കത്ത് വായിക്കുന്നത് വേദനാജനകവും, കണ്ണുനീർ നിറഞ്ഞതുമാണ്. ഒരു ഭാഗത്ത് സ്നേഹിച്ച ആളിൽ നിന്നുണ്ടായ വിശ്വാസ വഞ്ചന ഒരു വലിയ ചതിവ്, മറുഭാഗത്ത് നിങ്ങൾ നിമിത്തം നിങ്ങളുടെ മാതാപിതാക്കൾക്ക് വലിയ അപമാനവും ദുഃഖവും വന്നിരിക്കുന്നു എന്ന വേദന. മലർ, നാം സ്നേഹിച്ച വ്യക്തി നമ്മെ വിട്ട് അകലുന്നത് വേദന നിറഞ്ഞ ഒന്നാണ്. മാത്രമല്ല, വിശ്വാസവഞ്ചന ഉണ്ടാകുമ്പോൾ മാനസിക വേദനയും മാനസിക സമ്മർദ്ദവും ഉണ്ടാകും. മലർ, നിങ്ങൾ ഈ ദുഃഖത്തിലും വേദനയിലും നിറഞ്ഞ്, നീറി നിങ്ങളുടെ ജീവിതം തുടരുവാനും സാധിക്കും, അല്ലെങ്കിൽ ഈ വേദന എന്ന കുഴഞ്ഞ ചേറ്റിൽ നിന്ന് പുറത്തുവന്ന് നിങ്ങളുടെ ജീവിതത്തെ പുനക്രമീകരണം ചെയ്ത് ഒരു പുതിയ ആരംഭം കുറിക്കുവാനും സാധിക്കും.

നിങ്ങൾ വിചാരിച്ചാൽ വീണ്ടും എഴുന്നേൽക്കാൻ കഴിയും. ഒരു തെറ്റായ തീരുമാനം നിങ്ങളുടെ ജീവിതം എന്ന കപ്പലിനെ കരയിൽ ഇടിക്കുവാൻ ഇടയാക്കി. കപ്പൽ കരയിൽ ഇടിച്ചു എന്നതുകൊണ്ട് ഇനി ഒരിക്കലും യാത്ര ചെയ്യുവാൻ കഴിയില്ല എന്ന തീരുമാനത്തിൽ എത്തിക്കൂടാ. മലർ, നിങ്ങൾ എടുക്കുന്ന

ചില ശരിയായ തീരുമാനങ്ങളും പദ്ധതികളും നിങ്ങളുടെ പുതിയ യാത്ര ആരംഭിക്കുവാൻ സഹായമായിരിക്കും. ആദ്യം ഈ സാഹചര്യത്തിൽ നിന്ന് എഴുന്നേൽക്കണമെന്ന് ഹൃദയത്തിൽ ഒരു വ്യക്തമായ തീരുമാനം എടുക്കുക.




**ആ തീരുമാനം നിവർത്തിക്കുവാനും തുടർന്ന് അതിൽ നിലനിൽക്കുവാനും ചില പദ്ധതികൾ ചെയ്യുവാൻ പരിശ്രമിക്കുക.**



**നഷ്ടം എന്ന വേദനയിൽ നിന്ന് പുറത്തുവരുവാൻ നിങ്ങളുടെ മനസ്സ് മറ്റൊരു കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. നിങ്ങൾ വെറുതെ ഇരിക്കുന്ന ഓരോ നിമിഷവും പഴയ വേദനകൾ ഓർക്കുവാൻ തോന്നിയാൽ നിങ്ങൾ ചെയ്തുകൊണ്ടിരുന്ന അതേ ജോലിയിലേക്ക് അപേക്ഷിച്ച് അതിൽ ജോയിൻ ചെയ്ത് നിങ്ങളുടെ ജീവിതത്തെ തിരക്കുള്ള ജീവിതമാക്കുവാൻ ശ്രമിക്കുക..**



**കൂടാതെ, പഴയ ഓർമ്മകൾ പ്രേരിപ്പിക്കുന്ന സാധനങ്ങൾ, കത്തുകൾ, ഇമെയിലുകൾ , എസ്എംഎസ്, സമ്മാനങ്ങൾ, ചില സ്ഥലങ്ങൾ തുടങ്ങിയവ കാണുകയോ വായിക്കുകയോ ചെയ്യുവാൻ ശ്രമിക്കരുത്.**



പഴയ കാര്യങ്ങൾ മറക്കുന്നത് കഠിനമാണ്. എന്നാൽ, ആ ചിന്ത ഒഴിവാക്കുവാൻ പുതിയ കാര്യങ്ങളിൽ നിങ്ങളുടെ മനസ്സിനെ ബന്ധിപ്പിക്കുന്നത് നല്ലതാകുന്നു.



സഹിഷ്ണുതയോടെ കാത്തിരിക്കുവാൻ പരിശ്രമിക്കുക. ഒരു വരനും ശരിയാകുന്നില്ല, മാറിപ്പോകുന്നു എന്ന് മനംതളർന്ന്, നിരാശപ്പെട്ട് പോകേണ്ട.




ദൈവവുമായിട്ടുള്ള നിങ്ങളുടെ ബന്ധം വീണ്ടും പുതുക്കുവാൻ പരിശ്രമിക്കുക. യേശുവിൽ നിന്ന് അകന്നുപോയ നിങ്ങൾ ഇപ്പോൾ കർത്താവിലേക്ക് മടങ്ങി വരുമ്പോൾ, കർത്താവിന് നിങ്ങളുടെ തോൽവിയെ മാറ്റി പുതിയ ആരംഭം നൽകുവാൻ സാധിക്കും. ആ ആരംഭത്തിൽ ജയത്തോടെ ഓടുവാനും കഴിയും.



ഞായറാഴ്ചകളിലും, അതുപോലെ ആഴ്ചയുടെ അവസാന നാളുകളിലും ശുശ്രൂഷകൾ ചെയ്യാമല്ലോ. ലഘുലേഖ മിനിസ്ട്രി, ഗ്രാമങ്ങളിലെ മിനിസ്ട്രി, ചിൽഡ്രൻസ് മിനിസ്ട്രി തുടങ്ങിയ കാര്യങ്ങളിൽ നിങ്ങളെ ബന്ധിപ്പിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ഒരു പുതിയ സന്തോഷവും, എന്തെന്നറിയാത്ത പുതിയ പ്രതീക്ഷയും ഉണ്ടാകും.

**സെഫന്യാവ് 3:19 ൻ പ്രകാരം, ഏത് സ്ഥലത്താണോ നിങ്ങൾ ലജ്ജിച്ച്, അപമാനപ്പെട്ട് നിന്നത് അതേ സ്ഥലത്ത് കർത്താവ് നിങ്ങളുടെ തല ഉയർത്തി, നിങ്ങളുടെ മാതാപിതാക്കൾക്ക് അനുഗ്രഹമായി മാറ്റും. നിങ്ങളുടെ പുതിയ ആരംഭത്തിലേക്ക് ധൈര്യമായി ഓടുക!!**



# ധൈര്യമായി ഓടുക!!

മുംബൈ പട്ടണത്തിൽ അപ്രതീക്ഷിതമായി 2008 നവംബർ 26ാം തീയതി വൈകുന്നേരം തീവ്രവാദ ആക്രമണം ഉണ്ടായി. മുംബൈ ചത്രപതി ശിവജി റെയിൽവേ സ്റ്റേഷനിൽ ധാരാളം പൊതുജനങ്ങൾ കാത്തിരിക്കുമ്പോൾ അപ്രതീക്ഷിതമായി അവരുടെ നേരെ വെടിയുണ്ടകൾ ചീറി പാഞ്ഞുവന്നു. അല്പം പോലും ദയ കൂടാതെ ക്രൂരമായി വെടിവച്ചതിൽ 58 പേർ മരണമടഞ്ഞു. നൂറിലും അധികം പേർ ഗുരുതരമായി മുറിവേറ്റു. അതിനെ തുടർന്ന് അടുത്ത ചില മണിക്കൂറുകളിൽ മുംബൈ നരിമാൻ ഹൗസ്, Lepart cafo ഹോസ്പിറ്റൽ എന്നിങ്ങനെ മുംബൈയിൽ പലയിടങ്ങളിൽ തീവ്രവാദികൾ തുടർമാനമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. ഇതിനെ തുടർന്ന് മുംബൈയിലെ പ്രശസ്തമായ താജ്ഹോട്ടലിൽ നടന്ന ആക്രമണത്തിൽ അവിടെയുണ്ടായിരുന്ന അനേകർ കൊല്ലപ്പെടുകയും, മുന്നൂറിലും അധികം വിദേശികളെ തീവ്രവാദികൾ ബന്ദികളാക്കുകയും ചെയ്തു. മൂന്ന് ദിവസം നീണ്ടുനിന്ന ഈ തീവ്രവാദ ആക്രമണത്തിൽ നൂറുകണക്കിന് ആളുകൾ ബലിയായി. ഈ തീവ്രവാദ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുവാനും, ബന്ദികളെ വിടുവിക്കുവാനും, നമ്മുടെ പോലീസ് അധികാരികളും, പട്ടാളക്കാരും, ദേശീയ സുരക്ഷാ സൈനികരും എന്നിങ്ങനെ പലരും തങ്ങളുടെ കുടുംബത്തേയും, മക്കളേയും, പ്രാണനെയും കൂടെ കണക്കിടാതെ ധൈര്യത്തോട് തീവ്രവാദികളോട് എതിർത്ത് പോരാടി ബാധിക്കപ്പെട്ട ജനങ്ങളെ വീണ്ടെടുത്തു. നമ്മുടെ അധികാരികൾ അതിവേഗത്തിലും, ധൈര്യത്തോടെയും പ്രവർത്തിച്ചതുകൊണ്ട് അനേകരുടെ ജീവൻ സംരക്ഷിക്കപ്പെട്ടു. " പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ ദാസൻ ആകുന്നു" (യോഹന്നാൻ 3:34) എന്ന തിരുവെഴുത്തിൻ പ്രകാരം ഇന്ന് ഇന്ത്യയിൽ പല വർഷങ്ങളായി ഭൂരിഭാഗം യൗവനക്കാരും



കണ്മോഹം, ജഡമോഹം, മൊബൈൽ ഫോൺ, സമൂഹ മാധ്യമങ്ങൾ എന്നിങ്ങനെ പല ലൗകിക തൽക്കാല ഭോഗങ്ങളിൽ കുടുങ്ങി അടിമപ്പെട്ട്

കിടക്കുന്നു. പാപത്തിന്റെ അടിമത്തത്തിൽ കുടുങ്ങിക്കിടക്കുന്ന ഇവരെ വിടുവിപ്പാൻ എത്ര ആഹ്വാനങ്ങൾ വന്നാലും അത് കേട്ടിട്ടും കേൾക്കാത്തവരെ പോലെ ഇരിക്കുന്ന ക്രിസ്തീയ യുവാക്കൾ ഇന്ന് ധാരാളമുണ്ട്. ഈ ലോകത്തിൽ ഒരു സെക്കന്റിൽ 3 പേർ മരിച്ചുകൊണ്ടിരിക്കുന്നു. ഈ പുസ്തകം നിങ്ങൾ വായിക്കുവാൻ തുടങ്ങിയത് മുതൽ ഈ സമയം വരെ ഏകദേശം അഞ്ച് മിനിറ്റുകൾ കഴിഞ്ഞ് പോയിരിക്കുന്നു. ഈ അഞ്ച് നിമിഷത്തിൽ ഏറെക്കുറെ 180 പേർ വീതം 900 പേർ യേശുവിനെ അറിയാതെ പാപത്തോടെ മരിച്ച് നരകത്തിൽ പോയിക്കൊണ്ടാണ് ഇരിക്കുന്നത്. ഇപ്രകാരം പാപത്തിൽ കുടുങ്ങി തടവറയിൽ ആയിരിക്കുന്ന യൗവനക്കാരെ വേഗത്തിൽ വിടുവിച്ച്, എതിരെ വരുന്ന വെല്ലുവിളികൾ ധൈര്യത്തോടെ നേരിടുവാൻ വേണ്ടി ആര് പ്രവർത്തിക്കും? "അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും?" (യെശയ്യാവ് 6:8) ഇസ്രായേൽ ദേശത്തിലെ പട്ടണമായ ശമര്യയിൽ മഹാക്ഷാമം ഉണ്ടായി. ആ സമയത്ത് അരാം രാജാവായ ബെൻ - ഹദദ് തന്റെ സൈന്യത്തെയൊക്കെയും കൂട്ടി പുറപ്പെട്ടുചെന്ന് ശമര്യ വളഞ്ഞു. സ്ത്രീകൾ തങ്ങളുടെ സ്വന്തം കുഞ്ഞുങ്ങളെ പാകം ചെയ്ത് കഴിക്കത്തക്ക നിലയിൽ ക്ഷാമം കഠിനമായിരുന്നു. ഓരോ നാളും ജനങ്ങൾ മരണപ്പെട്ടുകൊണ്ടിരുന്നു. ആ പട്ടണത്തിൽ ഭക്ഷണമില്ലാതെ അലഞ്ഞുകൊണ്ടിരുന്ന നാല് കുഷ്ഠരോഗികൾ ശമര്യയിൽ കഷ്ടപ്പെടുന്നതിനേക്കാൾ അശ്ശൂർ പാളയത്തിലേക്ക് പോകാം, അവർ നമ്മോട് ദയ കാണിക്കുമെങ്കിൽ ജീവിക്കാം, ഇല്ലെങ്കിൽ മരിക്കാം എന്നിങ്ങനെ ധൈര്യപ്പെട്ട് ഭയം കൂടാതെ തങ്ങളുടെ പ്രാണനെയും അവഗണിച്ച് അശ്ശൂർ പാളയത്തിലേക്ക് കടന്നുചെന്നു. ധൈര്യത്തോടെ ചെന്ന ഇവരുടെ കാലടി ശബ്ദങ്ങൾ കർത്താവ് രഥങ്ങളുടെ ശബ്ദമായും, കുതിരകളുടെ മഹാശബ്ദമായും മാറ്റി അസീറിയൻ സൈന്യത്തെ തുരത്തികളഞ്ഞു. കുഷ്ഠരോഗികൾ പട്ടാളക്കാർ ഇല്ലാത്തത് കണ്ടിട്ട് തങ്ങൾക്ക് ആവശ്യമുള്ളതു തിന്ന് തൃപ്തരായ ശേഷം, പൊന്നും വെള്ളിയും



കൊണ്ടുള്ള വസ്ത്രങ്ങളെ കൊള്ളയടിച്ച് തൃപ്തിയായ ശേഷം, "അവർ തമ്മിൽ തമ്മിൽ: നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റംവരും; ആകയാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ അറിവു കൊടുക്ക (2 രാജാ.7:9) എന്നു പറഞ്ഞു"കൊണ്ട് തങ്ങളുടെ രോഗങ്ങളെയും പരിഗണിക്കാതെ, അവർ കുഷ്ഠരോഗികൾ ആയിരിക്കുന്നത് കൊണ്ട് ജനങ്ങൾ അവരെ കല്ലെറിയും എന്നറിഞ്ഞിട്ടും, ആ രാത്രി തന്നെ ധൈര്യത്തോടെ ഓടി പട്ടണത്തിനായിട്ടുള്ള സദ് വർത്തമാനം രാജാവിനോട് അറിയിച്ചു. ഇങ്ങനെ കർത്താവ് നാല് കുഷ്ഠരോഗികളെക്കൊണ്ട് ക്ഷാമത്തിൽ കഷ്ടപ്പെട്ടുകൊണ്ടിരുന്ന ശമര്യയിലെ ജനത്തെ വിടുവിച്ച് രക്ഷിച്ചു.

എന്റെ പ്രിയ യൗവനക്കാരെ! "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല" (എബ്രായർ 10:37)

**തങ്ങളുടെ പട്ടണത്തിലെ ജനങ്ങൾ ക്ഷാമത്താൽ മരിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ വീണ്ടെടുപ്പിന്റെ സന്ദേശം തിരിച്ചറിഞ്ഞ കുഷ്ഠരോഗികൾ മൗനമായി നിന്നില്ല. തങ്ങളുടെ ജീവനെയും കണക്കാക്കാതെ ധൈര്യമായി ഓടി ജനങ്ങളോട് അവരുടെ രക്ഷയുടെ സന്ദേശം അറിയിച്ചു. നിങ്ങൾക്ക് ചുറ്റും ധാരാളം ആളുകൾ ഓരോ നാളും നശിച്ചുകൊണ്ടിരിക്കുകയാണ്. അവരോട് രക്ഷയുടെ സന്ദേശം അറിയിക്കുവാൻ നിങ്ങളുടെ കാലുകൾ ഒന്നിനെയും ഭയപ്പെടാതെ ധൈര്യപ്പെട്ട് ഓടിയാൽ അവരെ വീണ്ടെടുക്കുവാൻ കർത്താവായ യേശുവും സ്വർഗ്ഗത്തിലെ ദൂതന്മാരും തയ്യാറായിരിക്കുന്നു. ഒരുപക്ഷേ നാം വീണ്ടെടുപ്പിന്റെ സന്ദേശം അറിയിക്കുന്നില്ലെങ്കിൽ ആ കുഷ്ഠരോഗികൾ പറഞ്ഞതുപോലെ കുറ്റം നമ്മുടെ മേലാകും എന്നത് നാം അറിയുക.**



# വിശ്വസിച്ചാൽ അനുഗ്രഹം!

"യേശു അവനോട്: നിന്നാൽ കഴിയും എങ്കിൽ എന്നോ വിശ്വസിക്കുന്നവനു സകലവും കഴിയും" (മർക്കൊസ് 9:23)

പിശാചിനാൽ ബാധിക്കപ്പെട്ട് മരണ ബന്ധനങ്ങളോടുകൂടെ ആയിരുന്ന തന്റെ മകന് ഒരു വിടുതൽ ലഭിക്കുകയില്ലേ? ഈ മരണബന്ധനം മാറുകയില്ലയോ? എന്ന ചിന്തയോടെ ഒരു പിതാവ് യേശുവിന്റെ അടുക്കൽ വരുന്നു. ചെറുപ്പം മുതൽ ഈ പ്രശ്നം ഉണ്ടായിരുന്നതുകൊണ്ട് തന്റെ മകന്റെ സൗഖ്യത്തിനായി പല വൈദ്യന്മാരുടെ അടുക്കൽ അദ്ദേഹം പോയിട്ടുണ്ടാകും. പിശാചിനെ പുറത്താക്കുന്നവരുടെ അടുക്കൽ കൊണ്ടുപോയിരിക്കാം. എങ്ങനെയെങ്കിലും എന്റെ മകന് വിടുതൽ ലഭിക്കയില്ലയോ എന്നിങ്ങനെ പല പരിശ്രമങ്ങൾ ആ പിതാവ് ചെയ്തിരിക്കാം. ധാരാളം പണം ചെലവ് ചെയ്തിട്ടുണ്ടാകും. എന്നാൽ വിടുതൽ ലഭ്യമായില്ല. നിരാശ, പരാജയം, പോയസ്ഥലങ്ങളിലൊന്നും മകന് ഒരു വിടുതൽ ലഭിക്കാത്ത ഖേദകരമായ അവസ്ഥ. ആ സാഹചര്യത്തിൽ യേശുവിനെ കുറിച്ച് കേട്ടിട്ട് മകനെ കൊണ്ടുവന്നു. ഇവിടെ വന്നപ്പോൾ ശിഷ്യന്മാരെയാണ് കാണുവാൻ കഴിഞ്ഞത്. ശിഷ്യന്മാർക്ക് ദുരാത്മാവിനെ പുറത്താക്കുവാൻ കഴിഞ്ഞില്ല.



അപ്പോൾ ആ പിതാവ് ഉടനെ "അത് അവനെ നശിപ്പിക്കേണ്ടതിനു പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ട്; നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ " (മർക്കൊസ് 9:22) എന്നിങ്ങനെ യേശുവിനോട് അപേക്ഷിച്ചു. യേശു അവനെ നോക്കി "വിശ്വസിക്കുന്നവനു സകലവും കഴിയും" (മർക്കൊസ് 9:23) എന്നിങ്ങനെ അത്ഭുതകരമായ വാക്കുകൾ പറഞ്ഞു.

"ഇന്ന് ഒരു നന്മ നടക്കുകയില്ലയോ!"എന്നിങ്ങനെ വലിയ ആത്മദാഹത്തോടെ അനുഗ്രഹം പ്രതീക്ഷിച്ചിരിക്കുന്ന നിങ്ങളെ നോക്കി, "എന്റെ മകനെ(ളെ), നീ വിശ്വസിക്കുമെങ്കിൽ എനിക്ക് അത്ഭുതം ചെയ്യുവാൻ കഴിയും! ഏത് പ്രതിസന്ധിയിൽ നിന്നും നിനക്ക് വിടുതൽ നൽകുവാൻ കഴിയും! എന്നാൽ നീ വിശ്വസിക്കണം! നീ വിശ്വസിക്കുന്നു എങ്കിൽ മാത്രമേ നിനക്ക് അത്ഭുതങ്ങൾ കാണുവാൻ കഴിയുകയുള്ളൂ!" എന്നിങ്ങനെ യേശു നിങ്ങളോട് പറയുന്നു. മനുഷ്യരുടെമേൽ വിശ്വാസം വയ്ക്കാതെ, "യേശുവിന്" മാത്രമെ

എന്നെ അനുഗ്രഹിക്കുവാൻ കഴിയുകയുള്ളൂ എന്നിങ്ങനെ യേശുവിന്റെ മേൽ നിങ്ങൾ വിശ്വാസം വയ്ക്കുമെങ്കിൽ നിങ്ങൾക്ക് അത്ഭുതം ചെയ്യുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു. നിനക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ സാധിക്കും. വിശ്വസിക്കുന്നവനു സകലവും കഴിയും. അല്ല, ഇത് പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നമാണ്! ഇനി രക്ഷപ്പെടുത്തുവാൻ കഴിയില്ല! എന്ന് ചിന്തിച്ച് കലക്കത്തോടെ ആയിരിക്കുന്നുവോ? മനുഷ്യർ അസാധ്യമെന്ന് പറയുന്ന കാര്യം യേശുവിന് ചെയ്യുവാൻ സാധിക്കും. ഇനിയും നിങ്ങൾക്ക് കുഞ്ഞ് ജനിക്കുവാൻ ഒരു സാധ്യതയുമില്ല എന്ന് പറഞ്ഞാലും, എനിക്ക് നിന്നെ അനുഗ്രഹിക്കുവാൻ കഴിയും, നിന്നെക്കൊണ്ട് അത്ഭുതം പ്രാപിക്കാൻ കഴിയും എന്നിങ്ങനെ യേശു അരുളിചെയ്യുന്നു.

**ശരി, എങ്ങനെ അത്ഭുതം പ്രാപിക്കും?**

വിശ്വാസത്താലാണ് അത്ഭുതം പ്രാപിക്കുവാൻ കഴിയുന്നത്. വിശ്വാസം കൂടാതെ കർത്താവിങ്കൽ നിന്ന് അത്ഭുതം പ്രാപിക്കുവാൻ സാധ്യമല്ല. ഒന്നാമത് യേശു എന്നോട് കൂടെ ഉണ്ടെന്ന് വിശ്വസിക്കണം. യേശുവിനെ വിളിച്ചപേക്ഷിക്കുമ്പോൾ, അത്ഭുതം ചെയ്യും എന്ന് വിശ്വസിക്കണം. അങ്ങനെ നിങ്ങൾ വിശ്വസിക്കുമ്പോഴാണ് അത്ഭുതം പ്രാപിക്കാൻ കഴിയുന്നത് എന്ന് തിരുവെഴുത്ത് പറയുന്നു.

മത്തായി ഒമ്പതാം അദ്ധ്യായത്തിൽ, യേശു തെരുവിലൂടെ നടന്നു പോകുമ്പോൾ, രണ്ട് കുരുടന്മാർ അത് യേശുവാണെന്ന് തിരിച്ചറിഞ്ഞ ഉടനെ " ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ" എന്ന് യേശുവിനെ വിളിച്ചപേക്ഷിച്ചു. യേശു ശാന്തമായി പോയിക്കൊണ്ടിരുന്നു. എന്നാൽ അവർ, പിന്മാറാതെ പിന്നെയും യേശുവിന്റെ പിന്നിലൂടെ നടന്ന് അപേക്ഷിച്ചുകൊണ്ടിരുന്നു. യേശു ഒരു വീട്ടിൽ എത്തിയപ്പോൾ അവർ അവിടെയും വന്നു. അപ്പോൾ യേശു അവരെ നോക്കി, "ഇതു ചെയ് വാൻ എനിക്കു കഴിയും എന്ന് വിശ്വസിക്കുന്നുവോ എന്ന് യേശു ചോദിച്ചതിന്: ഉവ്വ്, കർത്താവേ എന്ന് അവർ പറഞ്ഞു" (മത്തായി 9:28).

അപ്പോൾ യേശു നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞ ഉടൻ



തന്നെ അവർ കാഴ്ച പ്രാപിച്ചു എന്ന് വേദപുസ്തകം പറയുന്നു.

ഇപ്പോൾ നിങ്ങളെ നോക്കി, "എന്റെ മകനെ/ ളേ, നീ പ്രതീക്ഷിക്കുന്ന അത്ഭുതം ചെയ്യുവാൻ എന്നിൽ ശക്തിയുണ്ടെന്ന് വിശ്വസിക്കുന്നുവോ?" എന്ന് യേശു ചോദിക്കുന്നു. നിങ്ങൾ എന്ത് മറുപടിയാണ് പറയുവാൻ പോകുന്നത്? നിങ്ങളുടെ മറുപടിക്ക് ഒത്തവണ്ണമാണ് യേശു അത്ഭുതം ചെയ്യുന്നത്. ലൂക്കോസ് 7:37-50 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ, ഒരു സംഭവം എഴുതിയിട്ടുണ്ട്. യേശു ഒരു വീട്ടിൽ വിരുന്നിന് ഇരിക്കുമ്പോൾ ഒരു സ്ത്രീ പാപം നിമിത്തം സമാധാനവും സ്വസ്ഥതയും നഷ്ടപ്പെട്ട് യേശുവിനെ കാണുവാൻ വരുന്നു. പാപം മോചിക്കപ്പെടണം, പാപത്തിൽ നിന്ന് വിടുതൽ ഉണ്ടാകണം എന്നിങ്ങനെ യേശുവിന്റെ അടുക്കൽ വന്ന് കർത്താവിന്റെ പാദത്തിൽ കണ്ണുനീർ തൂകുന്നു. "യേശു സ്ത്രീയോട്: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക എന്നു പറഞ്ഞു" (ലൂക്കോസ് 7:50). നിന്റെ വിശ്വാസം നിനക്ക് രക്ഷ നൽകിയിരിക്കുന്നു, നിന്റെ പാപം മോചിക്കപ്പെട്ടിരിക്കുന്നു എന്ന് യേശു അവളോട് പറഞ്ഞയച്ചു. അങ്ങനെയെങ്കിൽ വിശ്വാസത്താൽ മാത്രമേ പാപമോചനം പ്രാപിക്കുവാൻ കഴിയുകയുള്ളൂ. പാപത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ കഴിയും. എന്റെ പാപത്തെയും യേശു ക്ഷമിക്കും, എന്റെ പാപത്തിൽ നിന്നും യേശു വിടുതൽ നൽകും എന്ന് വിശ്വസിച്ചാൽ ഇന്ന് വിടുതലും, പാപമോചനവും പ്രാപിക്കുവാൻ കഴിയും. നിങ്ങളുടെ വിശ്വാസം ദൈവം പ്രതീക്ഷിക്കുന്നു. നിനക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ അത് സംഭവിക്കും.

**സ്നേഹമുള്ള യൗവനക്കാരെ, കർത്താവായ യേശുക്രിസ്തു നിങ്ങളോട് സംസാരിച്ചിരിക്കുന്നു. പ്രശ്നങ്ങൾ, പോരാട്ടങ്ങൾ, ആവശ്യങ്ങൾ, ഞെരുക്കത്തിൽ എന്ത് ചെയ്യും എന്നിങ്ങനെ കലങ്ങി നിൽക്കുന്നുവോ? നിങ്ങൾ വിശ്വസിച്ചാൽ അത്ഭുതം പ്രാപിക്കുവാൻ കഴിയും. അനുഗ്രഹം പ്രാപിക്കുവാൻ കഴിയും എന്ന് യേശുഅരുളിചെയ്തിരിക്കുന്നു. യേശുവിന്മേൽ വിശ്വാസം അർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ, കർത്താവ് നിങ്ങൾക്ക് അത്ഭുതങ്ങൾ ചെയ്യുന്നത് കാണുവാൻ കഴിയും. നിങ്ങൾ അപേക്ഷിച്ച കാര്യത്തിൽ അത്ഭുതം പ്രാപിക്കും. വിശ്വസിക്കുക! അനുഗ്രഹങ്ങൾ പ്രാപിക്കുക!**



# അബീമേലെക്ക്

## (ഗിദെയോന്റെ മകൻ)

**വായനാഭാഗം ന്യായാധിപന്മാർ 9-ാം അദ്ധ്യായം.**



**യോശുവയുടെ കാലശേഷം ഒത്നീയേൽ, ഏഹൂദ്, ശംഗർ, ദെബോറ, ഗിദെയോൻ എന്നിങ്ങനെ പല ന്യായാധിപന്മാരെ ദൈവം എഴുന്നേൽപ്പിച്ചു. മുകളിൽ പറഞ്ഞ ന്യായാധിപന്മാരെ കുറിച്ച് കഴിഞ്ഞ മാസങ്ങളിൽ നാം പഠിച്ചു. ഈ മാസം ഇസ്രായേലിന്റെ ആറാം ന്യായാധിപതിയായ അബീമേലെക്കിനെ കുറിച്ച് നോക്കാം.**

### ആമുഖം

ഗിദെയോൻ യിസ്രായേൽ ജനങ്ങളെ മിദ്യാന്യരുടെ കൈകളിൽ നിന്നും വീണ്ടെടുത്ത ന്യായാധിപതി ആകുന്നു. ഗിദെയോന് തന്റെ വേലക്കാരികളിൽ ഒരുവളിൽ ജനിച്ച പുത്രന്മാരിൽ ഒരാളാണ് അബീമേലെക്ക്. ഇവൻ ബാൽബെരീത്തിന്റെ ക്ഷേത്രത്തിൽനിന്ന് എഴുപതു വെള്ളിക്കാശ് എടുത്ത് തുമ്പ്കെട്ടവരും നിസ്സാരന്മാരുമായ ആളുകളെ കൂലിക്കുവാങ്ങി അവർക്കു നായകനായി. രാജകീയ അധികാരം ലഭിക്കേണ്ട തന്റെ സഹോദരന്മാർ എഴുപതുപേരെയും ഒരു കല്ലിന്മേൽവച്ചു കൊന്നുകളഞ്ഞു. ഇതിൽ യോഥാം എന്ന ഗിദെയോന്റെ ഇളയമകൻ മാത്രം ശേഷിച്ചു.

### ജീവചരിത്രം

അബീമേലെക് ഇസ്രായേലിന്റെ ഒരു ചെറിയ ഭാഗം മൂന്ന് വർഷം ഭരിച്ചു. അതിനുശേഷം അവനും ശെഖേം പൗരന്മാർക്കും തമ്മിൽ ഛിദ്രബുദ്ധി വരുത്തി. ശെഖേമിലെ മൂപ്പന്മാർ അവനെ കൊല്ലുവാൻ പദ്ധതികൾ ഒരുക്കി. എന്നാൽ അബീമേലെക്കിന്റെ വിശ്വസ്തനായിരുന്ന സെബൂൽ ഇത് കേട്ടപ്പോൾ ദൂതന്മാരിലൂടെ ഇതിനെക്കുറിച്ച് അവനെ അറിയിച്ചു. അതോടൊപ്പം രാത്രിയിൽ പട്ടണ വാതിൽക്കൽ അനേകരെ വെട്ടി വീഴ്ത്തി. അനന്തരം അബീമേലെക് തേബെസിലേക്ക് തിരിഞ്ഞു. തേബെസ് പട്ടണനിവാസികളും ശെഖേം പട്ടണനിവാസികളും സംരക്ഷണത്തിനായി ആ പട്ടണത്തിന് മദ്ധ്യേ ഉണ്ടായിരുന്ന ഉയർന്ന ഗോപുരത്തിന്റെ മുകളിൽക്കയറി അഭയം പ്രാപിച്ചു. അവരെ തീയിട്ടു ചുട്ടുകളയേണ്ടതിന് അബീമേലെക് തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ തിരികല്ലിന്റെ പിള്ള തലയിൽ ഇട്ട് അവന്റെ തലയോട് തകർത്തുകളഞ്ഞു. ഉടനെ അവൻ തന്റെ ആയുധവാഹകനെ വിളിച്ച്, ഒരു സ്ത്രീ എന്നെ കൊന്നു എന്നു മറ്റുള്ളവർ പറയാതിരിക്കേണ്ടതിന് നിന്റെ വാൾ ഊരി എന്നെ കൊല്ലുക എന്ന് പറഞ്ഞു. അവനും അങ്ങനെ തന്നെ ചെയ്തു. അവനെ കൊന്നുകളഞ്ഞു.

### ഗുണപാഠം

അബീമേലെക് തന്റെ എഴുപത് സഹോദരന്മാരെയും കൊന്ന് തന്റെ അപ്പന് ദോഷം ചെയ്തതുകൊണ്ട്, ദൈവം അവനെ ശിക്ഷിച്ചു. അവൻ എങ്ങനെ ഒരു കല്ലിന്മേൽ വച്ച് തന്റെ സഹോദരന്മാരെ കൊന്നുവോ, അങ്ങനെ തന്നെ ഒരു കല്ലുകൊണ്ട് അവനും മരണം നേരിടുവാൻ ഇടയായി. അതുകൊണ്ട് തിന്മ ചെയ്യുമ്പോൾ നന്നായി ആലോചിച്ച്,നന്മ മാത്രം പ്രവർത്തിക്കണം. 'രാവിലെ വിതയ്ക്കുന്നത് വൈകുന്നേരം വിളയും' എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഇന്ന് നാം നന്മ ചെയ്താൽ നാളെ നമുക്ക് നന്മ ലഭിക്കും. തിന്മ ചെയ്താൽ തിന്മ തന്നെ നമ്മുടെ അടുക്കൽ വന്നുചേരും എന്ന് അബീമേലെക്കിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.



# ദമസ്കൊസ്

പ്രിയപ്പെട്ട യൗവനക്കാരെ! ബൈബിൾ ദേശങ്ങൾ എന്ന തലകെട്ടിൽ ഓരോ മാസവും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചില ദേശങ്ങളെയും, അതിന്റെ പ്രത്യേകതകൾ നിറഞ്ഞ പട്ടണങ്ങളെയും കുറിച്ച് രസകരമായ വിവരങ്ങൾ വായിച്ച് അറിഞ്ഞിരിക്കുമല്ലോ! തുടർന്ന് ഈ മാസം നാം നോക്കുവാൻ പോകുന്ന ദേശത്തിന്റെ പേരാണ് "ദമസ്കൊസ് ". പട്ടണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം നമുക്ക് ഓർമ്മ വരുന്നത് തർസൊസ് പട്ടണക്കാരനായ ശൗലിനെ ആകുന്നു ( പിന്നീട് പൗലൊസ്).

## ആമുഖം

ആ കാലഘട്ടത്തിൽ ശൗൽ ആദ്യ അപ്പൊസ്തല സഭയിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത് തന്റെ ലക്ഷ്യമാക്കിയിരുന്നു.

ഇങ്ങനെയുള്ള ശൗൽ പിൽക്കാലത്ത് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായി മരിച്ചതിന് ആരംഭമായ സ്ഥലമായിരുന്നു ഈ ദമസ്കൊസ് (അപ്പൊ.പ്രവർത്തികൾ 9:3-6).

അതെ! ഈ പട്ടണത്തിലേക്ക് പോകുന്ന വഴിയിൽ വച്ചാണ്, ശൗൽ യേശുക്രിസ്തുവിന്റെ സ്നേഹവും വിളിയും തിരിച്ചറിഞ്ഞത് *(Encountered Christ)*.

## സവിശേഷതകൾ

ദമസ്കൊസ് പട്ടണം ഇന്നത്തെ സിറിയ രാജ്യത്തിന്റെ തലസ്ഥാനമാകുന്നു.

സിറിയയുടെ തെക്കുപടിഞ്ഞാറൻ കോണിലുള്ള ഈ പട്ടണം "കിഴക്കിന്റെ മുത്ത്" എന്നറിയപ്പെടുന്ന, ഹരിതവും മനോഹാരിതയും നിറഞ്ഞ ഒരു പട്ടണമാകുന്നു.

സിറിയ രാജ്യത്തിൽ ഭൂരിഭാഗവും മുസ്ലീങ്ങളായിരുന്നുവെങ്കിലും, പൗലൊസിന്റെ ജീവിതസംബന്ധമായ ചില അടയാളങ്ങൾ ഇപ്പോഴും അവിടെയുണ്ട്.

വേദപുസ്തകത്തിൽ 2 കൊരി. 11:32-33 ൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സംഭവത്തിൽ, ഒരു കുട്ടയിൽ ജനാലയിലൂടെ താഴെയിറങ്ങി പൗലൊസ് രക്ഷപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന സ്ഥലത്ത്, സെയിന്റ് പോൾ ചർച്ച് സിറിയയിൽ കാണപ്പെടുന്നു.

മൂന്നാറിൽ
Youth
REVIVAL MEET



സ്ഥലം: Hill Hall, Near Post Office, Munnar Bus Stand, Munnar.

ദൈവദൂത്:
സഹോ.അവിനാഷ്

തീയതി: 29 ഒക്ടോബർ 2023, ഞായറാഴ്ച
സമയം: 5.30 PM to 8.30 PM

Contact : സഹോ. വിക്ടർ, മൂന്നാർ - 9447386044

# എബ്രായ സൂതികർമിണികൾ

## കുഞ്ഞിനെ സംരക്ഷിക്കുവാൻ ധൈര്യത്തോടെ പ്രവർത്തിച്ചു...



യോസേഫിന്റെ കാലത്തിനു ശേഷം, ഭരണത്തിൽ വന്ന മിസ്രയീം രാജാവ് ശിപ്രാ, പൂവാ എന്നിങ്ങനെ രണ്ട് സൂതികർമിണികളെ വിളിച്ച്, എബ്രായ സ്ത്രീകൾക്ക് പ്രസവം നോക്കുമ്പോൾ, പെൺകുട്ടികളെ ജീവനോടെ ശേഷിപ്പിക്കുകയും, ആൺകുട്ടികളെ കൊന്നുകളയുകയും വേണമെന്ന് കൽപ്പിച്ചു. എന്നാൽ ഈ രണ്ട് എബ്രായ സൂതികർമിണികളും ഫറവോനെ ഭയപ്പെടാതെ, ദൈവത്തെ ഭയപ്പെട്ടതു കൊണ്ട് എബ്രായർക്കു ജനിച്ച ആൺകുട്ടികളെ ഫറവോൻ കൽപ്പിച്ചത് പോലെ കൊന്നുകളയാതെ ധൈര്യത്തോടെ സംരക്ഷിച്ചു. ഫറവോനെ പ്രസാദിപ്പിക്കുന്നതിനേക്കാൾ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ജീവനെ സംരക്ഷിക്കേണ്ടതിന് ധൈര്യപൂർവ്വം പ്രവർത്തിച്ചു. അത് മാത്രമല്ല, ഫറവോൻ സൂതികർമിണികളോട് ആൺകുട്ടികളെ നിങ്ങൾ സംരക്ഷിക്കുന്നതിന്റെ കാരണം എന്ത് എന്ന് ചോദിച്ചപ്പോൾ, "എബ്രായ സ്ത്രീകൾ, മിസ്രയീമ്യസ്ത്രീകളെപ്പോലെ അല്ല, അവർ നല്ല തിറമുള്ളവർ (ബലം) ആകുന്നു, ഞങ്ങൾ അവരുടെ അടുക്കൽ എത്തുംമുമ്പേ അവർ പ്രസവിച്ചുകഴിയും" എന്ന് വളരെ ധൈര്യത്തോടെ സംസാരിച്ചു. അതുകൊണ്ടു ദൈവം സൂതികർമിണികൾക്കു നന്മ ചെയ്തു, അവരുടെ കുടുംബങ്ങളെ അനുഗ്രഹിപ്പാൻ ഇടയായി. (വായിക്കുവിൻ: പുറപ്പാട് 1:15-22).

**പ്രിയമുള്ള യൗവനക്കാരെ, നന്മ ചെയ്യുവാൻ ധൈര്യത്തോടെ മുന്നോട്ട് വരണം. അന്ന് ഈ രണ്ട് സ്ത്രീകളും ധൈര്യപ്പെട്ട് പ്രവർത്തിച്ചത് കൊണ്ട് അവരുടെ കുടുംബങ്ങൾ മാത്രമല്ല, എബ്രായ കുടുംബങ്ങളും വർദ്ധിച്ചു പെരുകേണ്ടതിന് കർത്താവ് ഇടയാക്കി. നിങ്ങളും നന്മ ചെയ്യേണ്ടതിന് ധൈര്യപ്പെട്ട് മുന്നോട്ടു വരിക.**

# ഫീനെഹാസ്

## പാപം എതിർക്കേണ്ടതിന് ധൈര്യത്തോടെ പ്രവർത്തിച്ചു.

ബാലാക് എന്ന വ്യക്തി ബിലെയാമിന് പണം നൽകി ഇസ്രായേലിനെ ശപിക്കേണ്ടതിന് എത്രയൊക്കെ പരിശ്രമിച്ചിട്ടും അവനെക്കൊണ്ട് ശപിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ബിലെയാം ബാലാക്കിനോട് ഇസ്രായേൽ ജനത്തെ ദൈവത്തിൽ നിന്ന് അകറ്റേണ്ടതിന് മോവാബ്യയിലെ സ്ത്രീകളെ അവരുടെ വിഗ്രഹങ്ങളെ സേവിക്കുവാനും, വ്യഭിചാരം ചെയ്യുവാനും പ്രേരിപ്പിച്ചു. കർത്താവിൽ നിന്ന് പിരിക്കുവാനും പരിശ്രമിച്ചു. (സംഖ്യാപുസ്തകം 31:15,16;2 പത്രൊസ് 2:5; യൂദാ 1; വെളിപ്പാട് 2:14). അപ്രകാരം ഇസ്രായേൽ ജനങ്ങൾ മോവാബിന്റെ സ്ത്രീകളുമായി വ്യഭിചാരം ചെയ്യുവാൻ തുടങ്ങി. പാപം പാളയത്തിൽ വർദ്ധിച്ചപ്പോൾ ദൈവക്രോധം ജ്വലിച്ചു. ജനങ്ങൾ വലിയ ബാധകളാൽ ആക്രമിക്കപ്പെട്ടു. ദൈവകോപം നീങ്ങേണ്ടത് ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്തവരെ ഉച്ചയ്ക്ക് കർത്താവിന്റെ സന്നിധിയിൽ തൂക്കി കളയുവാൻ കൽപ്പിച്ചു. മോശയും ഇസ്രായേൽ പുത്രന്മാർ എല്ലാവരും സമാഗമന കൂടാരത്തിന്റെ മുമ്പിൽ കരഞ്ഞു കൊണ്ടിരിക്കുമ്പോൾ, ഫീനെഹാസ് എന്ന പേരുള്ള ഒരു യൗവനക്കാരൻ മാത്രം ദൈവത്തോടുള്ള എരിവ് നിമിത്തം കോപം നിറഞ്ഞവനായി സഭയുടെ മദ്ധ്യേ നിന്ന് എഴുന്നേറ്റ്, ഒരു കുന്തം കൈയിലെടുത്ത് കൊണ്ട് സിമ്രി എന്ന മനുഷ്യൻ കൊസ്ബി എന്ന മിദ്യാന്യ സ്ത്രീയുമായി വ്യഭിചാരം ചെയ്യുന്ന കൂടാരത്തിനകത്ത് ചെന്നു. അവരുടെ രണ്ടുപേരുടെയും ഉദരം കുത്തിത്തുളച്ച് രണ്ടുപേരെയും കൊന്നുകളഞ്ഞു. അപ്പോൾ ഇസ്രായേൽ മക്കളുടെമേൽ ഉണ്ടായ ബാധ വിട്ടുമാറി ( വായിക്കുവിൻ: സംഖ്യാപുസ്തകം 25-ാം അദ്ധ്യായം).



**പ്രിയ യൗവനക്കാരെ, ഫീനെഹാസിന് ദൈവത്തിന്റെ മേലുണ്ടായിരുന്ന വിശ്വാസത്തിന്റെ എരിവ് അവന് പാപത്തിന്മേൽ ഉണ്ടായിരുന്ന വെറുപ്പിനെ വെളിപ്പെടുത്തി. കർത്താവിന്റെ ഹൃദയപ്രകാരം കാര്യങ്ങൾ ചെയ്യുവാൻ ധൈര്യം ആവശ്യമാണ്. പേടിയും, ഭീതിയും ഉള്ളവർക്ക് ദൈവഹിതം ചെയ്യുവാൻ സാധ്യമല്ല. മനപൂർവ്വം പാപം ചെയ്യേണ്ടതിന് ധൈര്യം ഉണ്ടാകുമ്പോൾ, അതിനെ തടുത്ത് നിർത്തുവാൻ ദൈവമക്കളെ നമുക്ക് എത്ര അധികം ധൈര്യം വേണമെന്ന് ചിന്തിച്ചു നോക്കുവിൻ!**

# അമ്നോൻ

## ഭോഷത്വം ചെയ്യേണ്ടതിന് ധൈര്യപ്പെട്ടു!



ദാവീദിന്റെ പുത്രനായ അബ്ശാലോമിന് താമർ എന്ന സൗന്ദര്യമുള്ള ഒരു സഹോദരി ഉണ്ടായിരുന്നു. ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ അവളുടെ സൗന്ദര്യത്തിൽ മയങ്ങി, അവളുടെ മേൽ പ്രണയം ഉണ്ടായി രോഗിയായിത്തീർന്നു. അവൾ കന്യകയായിരുന്നതുകൊണ്ട് അവൾക്ക് ദോഷം വരുത്തുവാൻ അമ്നോന് പ്രയാസമായി. അവൻ യോനാദാബ് എന്ന് പേരുള്ള ഒരു തന്ത്രശാലിയായ സ്നേഹിതന്റെ ദുരാലോചന പ്രകാരം, രോഗിയെപ്പോലെ അഭിനയിച്ച് തന്റെ അനുജത്തി താമാറിനെ അപ്പനായ ദാവീദിലൂടെ വിളിച്ചുവരുത്തി, ആഹാരം പാകം ചെയ്ത് തരേണ്ടതിന് പറയുകയും, അവളോട് അവിഹിതമായി പെരുമാറുവാൻ പരിശ്രമിക്കുകയും ചെയ്തു. താമാർ: "എന്റെ സഹോദരനെ, എന്നെ അവമാനിക്കരുതേ, ഇങ്ങനെയുള്ള തിന്മ പ്രവർത്തിക്കരുത്" എന്നിങ്ങനെ എത്ര അപേക്ഷിച്ചിട്ടും, അവളുടെ വാക്കുകൾ ശ്രദ്ധിക്കാതെ അമ്നോൻ അവളെ ബലാൽക്കാരം ചെയ്തു. തന്റെ സഹോദരി എന്ന് പോലും പരിഗണിക്കാതെ മനഃപൂർവ്വമായി അവളോട് ദോഷം ചെയ്തു. ഈ കാര്യത്തിന് ശേഷം താമാറിന്റെ മേൽ ഉണ്ടായിരുന്ന തന്റെ സ്നേഹം വെറുപ്പായിത്തീർന്നു. അവളെ നിന്ദ്യമായി നടത്തി, പുറത്താക്കി വാതിൽ അടയ്ക്കുവാൻ കല്പിച്ചു.
ഇത് കേട്ട താമാറിന്റെ സ്വന്ത സഹോദരനായ അബ്ശാലോം അതീവ കോപം പൂണ്ട്, രണ്ട് വർഷങ്ങൾക്ക് ശേഷം ഒരു വിരുന്നിന് അമ്നോനെ വിളിച്ചുവരുത്തി. അമ്നോൻ വീഞ്ഞ് കുടിച്ച് രസിച്ചുകൊണ്ടിരിക്കുമ്പോൾ, അബ്ശാലോമിന്റെ ബാല്യക്കാർ അവനെ അടിച്ചുകൊന്നു. (വായിക്കുക: 2 ശമുവേൽ 13:1-18)

**പ്രിയമുള്ള യൗവനക്കാരെ, തെറ്റായ ആലോചന നിമിത്തം ഇച്ഛിക്കുന്ന കാര്യങ്ങൾ ചെയ്യേണ്ടതിന് ധൈര്യത്തോടെ അമ്നോൻ പ്രവർത്തിച്ചു. അതിനാൽ മരണം നേരിടേണ്ടതായി വന്നു. ഈ യൗവനപ്രായത്തിൽ ദൈവത്തിന് പ്രിയമില്ലാത്ത കാര്യങ്ങൾ മനഃപൂർവ്വം ചെയ്യാതെ, അതിനെ എതിർത്ത് നിൽക്കാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ?**

# 3 പരാക്രമശാലികൾ

## ദാവീദിന്റെ ഇഷ്ടം നിവർത്തിപ്പാൻ ധൈര്യത്തോടെ പോയി ...

ശൗലിന്റെ മരണത്തിനുശേഷം ദാവീദ് മുഴു ഇസ്രായേലിന്റെയും രാജാവായി മാറി. ഫെലിസ്ത്യർക്കും, യിസ്രായേലിനും ഇടയിൽ യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ, ദാവീദ് അദുല്ലാംഗുഹയിൽ ഒളിച്ചിരുന്നു. ഫെലിസ്ത്യർ ദാവീദിന് ചുറ്റും വളഞ്ഞിരുന്നു. ദാവീദ് ഒരു നാൾ, ബേത് ലഹേം പട്ടണത്തിന്റെ വാതിൽക്കലെ കിണറ്റിൽനിന്നും വെള്ളം കുടിക്കുവാൻ ആശിച്ചു. എന്നാൽ അപ്പോൾ ഫെലിസ്ത്യർ ആ പട്ടണത്തെ ആക്രമിച്ച് കീഴ്പെടുത്തുകയും കാവൽ പട്ടാളത്തെ നിയമിക്കുകയും ചെയ്തിരുന്നു. അതിൽ നിന്ന് വെള്ളം കുടിക്കണമെന്ന് വളരെ ആർത്തിപൂണ്ടു, തന്റെ നായകന്മാരെ നോക്കി, "ആ കിണറ്റിൽ നിന്നും വെള്ളം എനിക്കു കുടിപ്പാൻ ആർ കൊണ്ടുവന്നു തരും?" എന്ന് ചോദിച്ചതും ദാവീദിന്റെ പരാക്രമശാലികളായ മൂന്നു വീരന്മാർ യോശെബ് ബശ്ശേബെത്ത്, എലെയാസാർ കൂടാതെ ശമ്മാ എന്നിവർ ധൈര്യപ്പെട്ട് പാളയത്തിനകത്തേക്ക് പോയി ആ കിണറ്റിൽ നിന്ന് വെള്ളം കോരി ദാവീദിന് കൊണ്ടുവന്ന് നൽകി. ശത്രുവിന്റെ പാളയത്തിനകത്തേക്ക് അല്പം പോലും ഭയമില്ലാതെ തങ്ങളുടെ പ്രാണനെയും വിലമതിക്കാതെ ധൈര്യപൂർവ്വം പോയ ആ മൂന്ന് പരാക്രമശാലികൾ കൊണ്ടുവന്ന വെള്ളം കുടിക്കുവാൻ മനസ്സില്ലാതെ, യഹോവയ്ക്ക് നിവേദിച്ചു. (വായിക്കുക: 2 ശമുവേൽ 23:8-17)



**പ്രിയ യൗവനക്കാരെ, ഈ മൂന്ന് പരാക്രമശാലികളും തങ്ങളുടെ പ്രാണൻ പണയം വച്ചുകൊണ്ട്, ശത്രുവിന്റെ പാളയത്തിനകത്തേക്ക് ചെന്ന്, തങ്ങളുടെ രാജാവിന്റെ ഇഷ്ടം നിവർത്തിച്ചു. ഇന്ന് ഒന്നിനും ആർക്കും ഭയപ്പെടാതെ നിങ്ങളുടെ ദൈവമായ കർത്താവിന്റെ ആഗ്രഹമായ സുവിശേഷവേല ധൈര്യത്തോടെ ചെയ്യുവാൻ നിങ്ങൾ ഒരുക്കമാണോ?**

# യഹോവയ്ക്ക് ബോധിച്ച പുരുഷൻ



## ദാവീദിന്റെ വാഴ്ച

വാത്സല്യ സഹോദരീ - സഹോദരന്മാരെ! നാം തുടർച്ചയായി ഈ ചരിത്ര ഭാഗത്തിൽ ദാവീദിനെ കേന്ദ്രീകരിച്ച് ധ്യാനിച്ചു വരുന്നു. മുപ്പതാം വയസ്സിൽ (2 ശമുവേൽ 5:4) രാജാവായി. തന്റെ എഴുപതാം വയസ്സുവരെ യഹൂദയെ ഏഴു വർഷവും, മുഴുവൻ ഇസ്രായേലിനെ 33 വർഷം എന്നിങ്ങനെ 40 വർഷം ഭരിച്ചു. എത്രയോ രാജാക്കന്മാർ ഇസ്രായേൽ ഭരിച്ചപ്പോഴും, എനിക്കു ബോധിച്ച പുരുഷനായി കണ്ടിരിക്കുന്നു (അപ്പൊ. പ്രവർത്തികൾ 13:22) എന്ന് യിശ്ശായിയുടെ മകനായ ദാവീദിനെ കുറിച്ച് മാത്രമാണ് കർത്താവ് സാക്ഷി നൽകുന്നത്. വേദപുസ്തകത്തിൽ എനിക്കു ബോധിച്ച പുരുഷൻ എന്ന് ഒരു വ്യക്തിയെ കുറിച്ചും കർത്താവ് ഇങ്ങനെ പറഞ്ഞിട്ടില്ല. കാരണമെന്താണ്? അപ്രകാരം ദാവീദിൽ കാണപ്പെട്ട വ്യക്തിത്വം അല്ലെങ്കിൽ സ്വഭാവം എന്തായിരുന്നു?

### യഹോവയെ അന്വേഷിക്കുന്ന സ്വഭാവം!

എന്റെ പ്രിയ യൗവനക്കാരെ, ദാവീദ് എന്ത് ചെയ്താലും തന്റെ സ്വന്തം ഇഷ്ടത്തിനോ, തന്റെ ഭാര്യമാരുടെ വാക്കുകൾക്കനുസരിച്ചോ, അല്ലെങ്കിൽ തന്റെ മന്ത്രിമാരോടോ, സൈന്യാധിപന്മാരോടോ ആരോടും അന്വേഷിക്കാറില്ല, മറിച്ച്, തന്റെ ദൈവമായ യഹോവയോട്, കർത്താവേ ഞാൻ ഇത് ചെയ്യണമോ? ഞങ്ങളിവരെ പിന്തുടരണമോ? ഞങ്ങൾക്ക് ജയം ലഭിക്കുമോ? ഞാൻ എവിടെ പോകണം? എന്ത് ചെയ്യണം? എന്ന് കർത്താവിനോട് ആലോചന ചോദിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന ഒരു സ്വഭാവം ഉണ്ടായിരുന്നു (1ശമുവേൽ 23:2,4; 2ശമുവേൽ 2:1;5:19,23; 1ദിന.14:10).

1ശമുവേൽ 30ൽ അമാലേക്യർ ദാവീദിന്റെ പാർപ്പിടമായ പട്ടണത്തിലേക്ക് വരികയും സകലതും കൊള്ളയടിച്ച്, അവിടെ ഉണ്ടായിരുന്ന സകലരെയും, പുത്രന്മാരെയും ദാവീദിന്റെ ഭാര്യമാരെയും പിടിച്ചുകൊണ്ട് പോകുകയും, ആ പട്ടണത്തെ തീവച്ച് ചുട്ട് നശിപ്പിക്കുകയും ചെയ്തു (1ശമുവേൽ 30:1-3).

തന്നോട് യുദ്ധത്തിനായി പോയിരുന്നവരും തിരിച്ചുവന്ന് ഈ കാഴ്ച കണ്ടു. അവർക്ക് ഈ അവസ്ഥ ഉണ്ടാകുവാൻ കാരണം തങ്ങളുടെ നേതാവായ ദാവീദാണ് എന്ന് പറഞ്ഞ് അവനെ കല്ലെറിയുവാൻ നിരൂപിച്ചു. അങ്ങനെ മരണത്തിന്റെ വക്കിൽ ആയിരുന്ന സാഹചര്യത്തിലും ദാവീദ് തന്റെ ബലത്തിൽ വിശ്വസിക്കാതെ, കൂടെ ഉണ്ടായിരുന്നവരുടെ ആലോചനയും കേൾക്കാതെ, അവൻ കർത്താവിനെ നോക്കി (1ശമുവേൽ 30:8) രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു, കർത്താവിന്റെ ആലോചന പ്രാപിച്ച് പോകുന്നു. ആ യുദ്ധത്തിൽ അമാലേക്കിനെ പൂർണമായി പരാജയപ്പെടുത്തി, തങ്ങൾക്ക് നഷ്ടമായതിനെ ഒന്നുപോലും കുറവില്ലാതെ സകലവും വീണ്ടെടുത്തു.

1ദിന.14:10 ൽ താൻ ഫെലിസ്ത്യരുടെ നേരെ പുറപ്പെടേണമോ? അവരെ എന്റെ കൈയിൽ ഏൽപ്പിച്ചു തരുമോ? എന്ന് ദാവീദ് കർത്താവിനോട് ചോദിച്ചപ്പോൾ, കർത്താവ് അവനോട്: പുറപ്പെടുക ഞാൻ അവരെ നിന്റെ കൈയിൽ ഏല്പിക്കും എന്ന് പറഞ്ഞു. കർത്താവിന്റെ വചനപ്രകാരം പോയതുകൊണ്ട് 1 ദിന.14:11 ൽ "വെള്ളച്ചാട്ടം പോലെ കർത്താവ് എന്റെ കരങ്ങളാൽ ശത്രുക്കളെ തകർത്തുകളഞ്ഞു" എന്ന് ദാവീദ് പറയുന്നു.

കുഞ്ഞുങ്ങളെ, നിങ്ങളുടെ യൗവനപ്രായത്തിൽ ഞാൻ എന്താണ് പഠിക്കേണ്ടത്? എന്ത് ചെയ്യണം? ഈ ജോലിക്ക് അപേക്ഷിക്കാമോ? ഈ പയ്യൻ അല്ലെങ്കിൽ പെൺകുട്ടി എനിക്ക് യോജിച്ചതാണോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി തരുന്ന കർത്താവിനോട് ചോദിച്ചു നോക്കുക. രാജാവായ ദാവീദിന് ആലോചന നൽകി ജയാളിയാക്കി തീർത്ത ദൈവം, നിങ്ങൾക്കും ആലോചന നൽകി ജയം തന്ന് സഹായിക്കും!

## സ്നേഹിക്കുന്ന സ്വഭാവം

ദാവീദ് അഭിഷേകം ചെയ്യപ്പെട്ട്, ശൗലിന്റെ കൊട്ടാരത്തിൽ എപ്പോൾ വന്നുവോ, അന്നുമുതൽ ദാവീദിന്റെമേൽ അസൂയ പൂണ്ടവനായി (1ശമു.18:9) അവനെ എങ്ങനെയെങ്കിലും കൊല്ലണമെന്ന് പദ്ധതി ഒരുക്കിക്കൊണ്ടേയിരുന്നു. (1 ശമു. 18:11,19:10,20:31) ശൗലിനെ ഭയപ്പെട്ട് ദാവീദ് കാടുകളിലും മലകളിലും ഗുഹകളിലും ഒളിച്ചു പാർത്തിരുന്നു. മരണത്തിനും എനിക്കും ഒരടി ദൂരം മാത്രമേ ഉള്ളൂ എന്ന് ദാവീദ് വിലപിക്കുന്നു.

ഇങ്ങനെയുള്ള സാഹചര്യത്തിലും തന്നെ കൊല്ലുവാൻ പിന്തുടർന്ന രാജാവായ ശൗലിനെ രണ്ട് തവണ കാട്ടിൽ വച്ച് കൊല്ലുവാൻ ദാവീദിന് അവസരം ലഭിക്കുന്നു (1ശമു. 24:4,26:9). എന്നാൽ ദാവീദ് ശൗലിനെ കൊല്ലാതെ, എന്റെ യജമാനൻ എന്ന് പറഞ്ഞ്, എന്റെ പിതാവേ (1 ശമു 24:1) എന്ന് വിളിച്ച് സ്നേഹം വെളിപ്പെടുത്തി.

അതുപോലെ ആട് മേയ്ക്കുവാൻ തന്നെ അയച്ച തന്റെ പിതാവിനെയും മാതാവിനെയും സംരക്ഷിച്ചു (1 ശമു. 22:3). ഇങ്ങനെയുള്ള സൽസ്വഭാവങ്ങളാണ് ദാവീദ് രാജാവിന്റെ വാഴ്ചയുടെ ജയമായിരുന്നത്. യഹോവയ്ക്ക് പ്രസാദമായിരുന്ന രാജാക്കന്മാർ, തങ്ങളുടെ അപ്പനായ ദാവീദിനെ പോലെ നേരായ വഴിയിൽ നടന്നു എന്നിങ്ങനെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എല്ലാത്തിനും മേലായി നമ്മുടെ കർത്താവ് തന്നെ ദാവീദിന്റെ പുത്രൻ എന്നാണ് വിളിക്കപ്പെടുന്നത്.

നിങ്ങളെ വെറുക്കുന്നവരെയും സ്നേഹിക്കാൻ അഭ്യസിച്ചുകൊള്ളുക. "തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക" (റോമർ 12:21). നിങ്ങളുടെ ജീവിതവും ദാവീദ് രാജാവിന്റെ വാഴ്ച പോലെ ജയകരമായ ഒരു ജീവിതമായിരിക്കും.


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# പ്രാർത്ഥനാ ഡയറി!

## ഒക്ടോബർ 2023

1. ഇന്ത്യയിലുള്ള ഏകദേശം 21 ലക്ഷം പോലീസുകാരുടെ സംരക്ഷണത്തിനായും സൗഖ്യത്തിനായും പ്രാർത്ഥിക്കുക.

2. ഇന്ത്യയിൽ സേവനമനുഷ്ഠിക്കുന്ന ഏകദേശം രണ്ട് ലക്ഷത്തിലും അധികമുള്ള വനിതാ പോലീസുകാരുടെ മേൽ ദൈവീക ആധിപത്യവും സംരക്ഷണവും ഉണ്ടാകുവാൻ പ്രാർത്ഥിക്കുക.

3. ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്ന ഏകദേശം 16,855 പോലീസ് സ്റ്റേഷനുകൾ നേരായ നിലയിൽ പ്രവർത്തിക്കുവാൻ പ്രാർത്ഥിക്കുക.

4. പോലീസ് വകുപ്പിലുള്ള ഒഴിവുകൾ യോഗ്യരായ വ്യക്തികളെക്കൊണ്ട് നിറയ്ക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

5. ദീർഘസമയം ജോലിയുള്ള വനിതാ പോലീസുകാർക്ക് അത്യാവശ്യ കാര്യങ്ങൾ നിവർത്തിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകേണ്ടതിന് പ്രാർത്ഥിക്കുക.

6. ഇന്ത്യയിലുള്ള മുഴുവൻ പോലീസുകാരിൽ 10.30% വനിതാ പോലീസ് ആകുന്നു. ഇവർക്ക് കർത്താവ് നല്ല ജ്ഞാനം നൽകുവാനും, ആ മേഖലയിൽ നന്നായി ശോഭിക്കേണ്ടതിനും പ്രാർത്ഥിക്കുക.



7. മാനസിക സമ്മർദ്ദം, കുടുംബ സാഹചര്യങ്ങൾ, അമിതമായ ജോലിഭാരം തുടങ്ങിയവ നിമിത്തം അനേകം പോലീസുകാർ ആത്മഹത്യ ചെയ്തുവരുന്നു. ആത്മഹത്യയുടെ ആത്മാവ് ബന്ധിക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

8. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 436 കേന്ദ്ര സായുധസേന പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇനി ആരും ആത്മഹത്യ ചെയ്ത് മരിക്കുവാൻ പാടില്ല എന്ന് ശ്രദ്ധയോടെ പ്രാർത്ഥിക്കുക.

9. മഴയും , ഉരുൾപൊട്ടലും നിമിത്തം നമ്മുടെ രാജ്യത്ത് ഉണ്ടാകുന്ന മരണവും, നാശനഷ്ടങ്ങളും തടുക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

10. മറ്റുള്ള സ്ഥലങ്ങളിലേക്ക് വ്യാപരിച്ച് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയപ്പെടുവാൻ പ്രാർത്ഥിക്കുക.

11. ഏകദേശം 70% കർഷകരെ കൊണ്ട് നിറഞ്ഞിരിക്കുന്ന ഇന്ത്യൻ കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കുക.

12. ചെറുകിട തൊഴിലുകൾ ചെയ്യുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ തൊഴിലുകൾ ബാധിക്കപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുക.

13. ജോലിക്കായി കാത്തിരിക്കുന്ന ഓരോരുത്തർക്കും തൊഴിലവസരങ്ങൾ ലഭിക്കുവാൻ പ്രാർത്ഥിക്കുക.

14. സ്വവർഗരതി എന്ന സൊദോം, ഗൊമോറ പാപം നമ്മുടെ നാട്ടിൽ നിന്ന് ഇല്ലാതെയാകുവാൻ പ്രാർത്ഥിക്കുക,

15. സ്വവർഗരതിക്ക് അനുവാദം നൽകുന്ന രാജ്യങ്ങളെയും, നേതാക്കന്മാരെയും ദൈവം സ്പർശിക്കേണ്ടതിന് പ്രാർത്ഥിക്കുക.

16. ഇന്ത്യയിലുള്ള പ്രായപൂർത്തിയാകാത്തവരുടെ രക്ഷയ്ക്കായും, സംരക്ഷണത്തിനായും പ്രാർത്ഥിക്കാം.

17. ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയപ്പെടുവാൻ പ്രാർത്ഥിക്കാം.

18. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരിൽ 76% പേർ 16 നും 18 നും ഇടയിൽ പ്രായമുള്ളവരാണ്. ഇവരിൽ പ്രവർത്തിക്കുന്ന ദുരാത്മാക്കൾ ബന്ധിക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

19. ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന ഏകദേശം 69 കോടി ആളുകൾ അത് തെറ്റായ കാര്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കുവാൻ പ്രാർത്ഥിക്കുക.

20. ഏകദേശം 46 കോടി ആളുകൾ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നു. ഉപയോഗിക്കുന്ന ഓരോരുത്തരും ജ്ഞാനത്തോടെ തങ്ങളുടെ ആവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ടതിന് പ്രാർത്ഥിക്കുക.

21. ഒരു ദിവസം രണ്ട് മുതൽ ആറ് മണിക്കൂർ വരെ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നവർ അനേകരാകുന്നു. ഇവർ മാനസാന്തരപ്പെടേണ്ടതിന് പ്രാർത്ഥിക്കാം.

22. ഇന്ത്യയിൽ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം 18% സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചിരിക്കുന്നു. അത് മാറുവാൻ വേണ്ടി പ്രാർത്ഥിക്കുക.

23. അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ, മറ്റ് സന്ദേശങ്ങൾ അയക്കുന്നത് പോലുള്ള കുറ്റകൃത്യങ്ങൾ ഇന്റർനെറ്റിലൂടെ നടക്കുന്നത് തടുക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

24. സമൂഹമാധ്യമങ്ങൾക്ക് അടിമപ്പെട്ട് മാനസികമായും, ശാരീരികമായും തകർന്നിരിക്കുന്ന യൗവനക്കാരുടെ വിടുതലിനായി പ്രാർത്ഥിക്കുക.






25. സമൂഹമാധ്യമങ്ങളിൽ യൗവനക്കാരെ അടിമകളാക്കി വച്ചിരിക്കുന്ന സാത്താന്റെ പ്രവൃത്തികൾ ഇല്ലാതാകുവാൻ പ്രാർത്ഥിക്കുക.

26.15 മുതൽ 35 വയസ്സുവരെയുള്ള യൗവനക്കാരാണ് സമൂഹമാധ്യമങ്ങൾ ഏറ്റവും അധികം ഉപയോഗിക്കുന്നത്. അവർ മാനസാന്തരപ്പെടുവാൻ പ്രാർത്ഥിക്കുക.

27. നമ്മുടെ രാജ്യത്തുള്ള സഭാ വിശ്വാസികൾ, ശുശ്രൂഷകന്മാർ എന്നിവരുടെ ഇടയിൽ ഉണർവ് ഉണ്ടാകുവാൻ പ്രാർത്ഥിക്കുക.

28. ഇന്ത്യയിലുള്ള എല്ലാ സഭകളും സുവിശേഷം അറിയിക്കുന്ന സഭകളായി മാറുവാൻ പ്രാർത്ഥിക്കുക.

29. കള്ള ഉപദേശങ്ങൾ സഭകളിലേക്ക് കൊണ്ടുവരുവാൻ പ്രയത്നിക്കുന്ന സാത്താന്റെ പ്രവൃത്തികൾ നിർമൂലമാകുവാൻ പ്രാർത്ഥിക്കുക.

30. സഭയ്ക്കും ശുശ്രൂഷകന്മാർക്കും എതിരായി പ്രവർത്തിക്കുവാൻ, ചിന്തിക്കുന്ന സാത്താന്റെ പദ്ധതികൾ പൂർണ്ണമായും ഇല്ലാതാകുവാൻ പ്രാർത്ഥിക്കുക.

31. ഉണർവിന്റെ അഗ്നി യൗവനക്കാരുടെ മേലും, കുട്ടികളുടെ മേലും പകരപ്പെടുവാനും, യൗവനക്കാരും കുഞ്ഞുങ്ങളും ഉണർവിന്റെ അഗ്നി വ്യാപിപ്പിക്കുന്നവരായി മാറേണ്ടതിനും പ്രാർത്ഥിക്കുക.

**എല്ലാ ദിവസവും ഒരു മിനിറ്റ് സമയം അന്നേദിവസം നൽകപ്പെട്ടിരിക്കുന്ന പ്രാർത്ഥനാ വിഷയത്തിനായി പൂർണ്ണമനസ്സോടെ, ശ്രദ്ധയോടെ പ്രാർത്ഥിക്കുക.**



# Coffee with ലേഖകൻ

## യിഫ്താഹിന്റെ മകൾ

ഓരോ വർഷത്തിന്റെയും ആരംഭത്തിൽ എല്ലാ ദിവസവും വേദപുസ്തകത്തിൽ 10 അദ്ധ്യായം വായിക്കും! ഒരു മണിക്കൂർ പ്രാർത്ഥിക്കും! സ്നേഹിതന്മാരുമായി വെറുതെ കറങ്ങി നടന്ന് സമയം നഷ്ടപ്പെടുത്തുകയില്ല! എന്നിങ്ങനെ പലവിധ സമർപ്പണങ്ങൾ പലരും ചെയ്യാറുണ്ട്. എന്നാൽ ഒരാഴ്ച പോലും എടുത്ത തീരുമാനം പാലിക്കുവാൻ കഴിയുന്നില്ല എന്ന് പറയുന്നവരും ഉണ്ട്. ഇവർക്കെല്ലാം വലിയ വെല്ലുവിളിയായി, തന്റെ ഒരേ ഒരു മകളെ കർത്താവിനോട് ചെയ്തത് നേർച്ച നിമിത്തം ഹോമയാഗമർപ്പിച്ച യിഫ്താഹ് എന്ന അപ്പനെയും, അദ്ദേഹത്തോട് പൂർണ്ണമായി സഹകരിച്ച തന്റെ മകളെയും കുറിച്ച് ന്യായാധിപന്മാർ 11-ാം അദ്ധ്യായത്തിൽ കാണുവാൻ കഴിയുന്നു. അവരുമായിട്ടുള്ള സാങ്കൽപ്പിക അഭിമുഖ സംഭാഷണം താഴെ കാണാം.

**ലേഖകൻ:** നമസ്കാരം സഹോദരി!

**യിഫ്താഹിന്റെ മകൾ:** നമസ്കാരം!

**ലേഖകൻ:** നിങ്ങളെ പരിചയപ്പെടുത്താമോ?

**യിഫ്താഹിന്റെ മകൾ:** എന്റെ പിതാവിന്റെ പേര് യിഫ്താഹ്. ഞാൻ എന്റെ പിതാവിന് ഏക മകളാകുന്നു. എനിക്ക് സഹോദരനോ, സഹോദരിയോ ഇല്ല. എനിക്ക് തപ്പ് വായിക്കുന്നതിലും, നൃത്തം ചെയ്യുന്നതിലും അതീവ താല്പര്യമുണ്ട്. എല്ലാറ്റിലും ഉപരിയായി യഹോവ ഭക്തി എന്നിലുണ്ട്.

**ലേഖകൻ:** നിങ്ങളുടെ പിതാവിന്റെ പേരിലൂടെയാണ് നിങ്ങൾ അറിയപ്പെടുന്നത്. അതുകൊണ്ട് നിങ്ങളുടെ പിതാവിനെക്കുറിച്ച് അല്പം വിശദീകരിച്ച് പറഞ്ഞാട്ടെ.

**യിഫ്താഹിന്റെ മകൾ:** എന്റെ പിതാവിന്റെ പേര് യിഫ്താഹ്. മഹാപരാക്രമശാലിയാണ്. ഇസ്രായേലിന്റെ പത്താമത്തെ ന്യായാധിപതിയായി നിയമിക്കപ്പെട്ടിരുന്നു. യുദ്ധവീരനും ദൈവഭക്തനുമായിരുന്നു. എന്റെ മുത്തച്ഛന്റെ പേര് ഗിലെയാദ് എന്നാകുന്നു. എന്റെ പിതാവ് മുത്തച്ഛന്റെ ഭാര്യയുടെ പുത്രന്മാരാൽ പുറംതള്ളപ്പെട്ടവനായിരുന്നു. അതുകൊണ്ട് ഞങ്ങൾ തോബ് ദേശത്തിൽ പാർത്തുവന്നു. പറഞ്ഞ കാര്യങ്ങളിൽ തനിക്ക് നഷ്ടം നേരിട്ടാലും മാറാതിരിക്കുന്ന വ്യക്തിത്വം. തന്റെ എല്ലാ കാര്യങ്ങളും കർത്താവിന്റെ സന്നിധിയിൽ പറയുന്ന പതിവുള്ളവൻ. 300 വർഷത്തെ ഇസ്രായേൽ ചരിത്രം നന്നായി അറിയാവുന്നയാൾ.

**ലേഖകൻ:** നിങ്ങളുടെ പിതാവ് ചെയ്ത നേർച്ച എന്താണ് ? എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തത്?

**യിഫ്താഹിന്റെ മകൾ:** ഗിലെയാദിന്റെ മൂപ്പന്മാർ എന്റെ പിതാവായ യിഫ്താഹിനോട്, തങ്ങളോട് കൂടെ വന്ന് അമ്മോന്യരോട് യുദ്ധം ചെയ്യുവാനും, അവരുടെ സേനാപതിയായിരിക്കേണ്ടിതിനും അപേക്ഷിച്ചു. എന്റെ പിതാവ് ഉടനടി അമ്മോന്യരോട് യുദ്ധം ചെയ്യാൻ പോകാതെ പലതവണ ദൂതന്മാരെ അയച്ചു. യുദ്ധം നിമിത്തം ഉണ്ടാകുന്ന അനന്തരഫലങ്ങളെ കുറിച്ചും, ജീവനഷ്ടങ്ങളെക്കുറിച്ചും, സാമ്പത്തിക നഷ്ടങ്ങളെ കുറിച്ചും എടുത്തു പറയുകയും യുദ്ധം ഒഴിവാക്കാൻ പരിശ്രമിക്കുകയും ചെയ്തു. എന്നാൽ അമ്മോന്യരുടെ രാജാവ് ആ വാക്കുകൾക്ക് ചെവി കൊടുത്തില്ല. പിന്നീട് എന്റെ പിതാവ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു. അതായത്, അമ്മോന്യരെ ദൈവം തന്റെ കൈയിലേൽപ്പിച്ചാൽ താൻ സമാധാനത്തോടെ വീട്ടിൽ തിരിച്ചുവരുമ്പോൾ വീട്ടു വാതിൽക്കൽ നിന്ന് എന്നെ എതിരേറ്റ് വരുന്നത് യഹോവയ്ക്ക് സർവാംഗ ഹോമയാഗമായി നൽകും എന്നതായിരുന്നു ആ നേർച്ച.



**ലേഖകൻ:** നേർച്ചയെ കുറിച്ച് അറിഞ്ഞപ്പോൾ നിങ്ങൾക്ക് എന്ത് തോന്നി?

**യിഫ്താഹിന്റെ മകൾ:** ഞാൻ എന്റെ പിതാവിന്റെ വിജയ വാർത്ത അറിഞ്ഞയുടൻ അത്യധികം സന്തോഷിച്ചു. എന്റെ കൂട്ടുകാരികൾ കൂടാതെ എന്റെ വീട്ടിലെ വേലക്കാർ എല്ലാവരും ചേർന്ന് എന്റെ പിതാവിന് വരവേൽപ്പ് നൽകേണ്ടതിന് തപ്പടിച്ച് നൃത്തം ചെയ്തുകൊണ്ട് എതിരേറ്റ് ചെന്നു. എന്റെ ആനന്ദം കണ്ട് എന്റെ പിതാവും വളരെ സന്തോഷിക്കും എന്ന് പ്രതീക്ഷിച്ചു. എന്നാൽ എന്നെ കണ്ടയുടൻ തന്റെ വസ്ത്രം കീറിക്കൊണ്ട്, എന്റെ മകളെ നീ എന്തിനാണ് വന്നത് എന്ന് എന്റെ പിതാവ് അലറി കരഞ്ഞത് എന്റെ ഉള്ളത്തെ തകർത്തുകളഞ്ഞു. പിന്നീട് എന്റെ പിതാവ് താൻ ചെയ്ത നേർച്ചയെ കുറിച്ച് എന്നോട് വിവരിച്ചു. ആദ്യം എനിക്ക് ഞെട്ടലും ഭീതിയും ഉണ്ടായി. "ഒരുവൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ പൂർണ്ണ പുരുഷൻ എന്നും, നേർച്ച ചെയ്തിട്ട് അതിനെക്കുറിച്ച് ആലോചിക്കുന്നത് മനുഷ്യന് കെണിയായി തീരുമെന്നും" തുടങ്ങിയ വചനങ്ങൾ എന്നെ ചിന്തിപ്പിച്ചു. എന്റെ പിതാവ് നേർച്ച ചെയ്തത് ഒരു സാധാരണ മനുഷ്യന്റെ അടുക്കലല്ല. ആകാശത്തെയും ഭൂമിയെയും അവയിലുള്ള സകലത്തെയും സൃഷ്ടിച്ച സർവ്വ ലോകത്തിനും അധിപതിയായ യഹോവയോട് എന്നതുകൊണ്ട്, അത് നിശ്ചയമായും നിവർത്തിച്ചേ മതിയാകൂ. അതുകൊണ്ട് ഞാൻ എന്റെ പിതാവിനോട് അദ്ദേഹം ചെയ്ത നേർച്ചയെക്കുറിച്ച് ഭാരപ്പെടേണ്ടതില്ലെന്നും, അത് സന്തോഷത്തോടെ നിവർത്തിക്കണമെന്നും അപേക്ഷിച്ചു.

**ലേഖകൻ:** അങ്ങനെയെങ്കിൽ ആ നേർച്ച അന്ന് തന്നെ നിവർത്തിച്ചുവോ? താങ്കൾക്ക് അന്ത്യാഭിലാഷം ഒന്നും ഇല്ലായിരുന്നുവോ?

**യിഫ്താഹിന്റെ മകൾ:** ഉണ്ടായിരുന്നു. ഇങ്ങനെ ഒരു കാര്യം അല്പം പോലും പ്രതീക്ഷിക്കാത്ത ഞാൻ എന്റെ പിതാവിനോട് ഒരു കാര്യം അപേക്ഷിച്ചു. ഞാനും എന്റെ സഖിമാരും പർവ്വതങ്ങളിൽ ചെന്ന് എന്റെ കന്യകാത്വത്തെ ഓർത്ത് വിലപിക്കുവാൻ രണ്ട് മാസക്കാലം നൽകണമെന്ന് ചോദിച്ചു. അദ്ദേഹം പോയി വരിക എന്നിങ്ങനെ എന്നെ അയച്ചു. രണ്ട് മാസം കഴിഞ്ഞു, ഞാൻ എന്റെ പിതാവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തോട് തന്റെ നേർച്ചയെ നിവർത്തിയാക്കുവാൻ പറഞ്ഞു.

**ലേഖകൻ:** സ്നേഹമുള്ള മകൾ, നിങ്ങളെപ്പോലെ ഒരു മകളെ ലഭിച്ചത് അദ്ദേഹത്തിന്റെ വലിയ ഭാഗ്യമാണ്. വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന ഓരോ വചനവും അങ്ങനെ തന്നെ അനുസരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" എന്ന വചനം ( പുറപ്പാട് 20:12, ആവർത്തന പുസ്തകം 5:16, മത്തായി 15:4, മത്തായി 19:9, മർക്കൊസ് 7:10,10:19, ലൂക്കോസ് 18:20, എഫെസ്യർ 6:3) പല തവണ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ആ കൽപ്പനയുടെ പ്രാധാന്യത്തെയും, എത്ര ഘനത്തോടെ നാം അത് അനുസരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നതും മനസ്സിലാക്കുവാൻ കഴിയുന്നു. പ്രിയ സഹോദരി, നിങ്ങളുമായുള്ള ഈ സംഭാഷണം ഞങ്ങളുടെ യൗവനക്കാർക്ക് ഏറെ പ്രയോജനകരമായിത്തീരും എന്ന് വിശ്വസിക്കുന്നു. നന്ദി!

**യിഫ്താഹിന്റെ മകൾ:** നന്ദി , നമസ്കാരം!



# ചന്ദ്രയാൻ -3

സമീപ നാളുകളിൽ ചന്ദ്രയാൻ - 3 എന്ന പേരാണ് ഇന്ത്യ മുഴുവനും, ഇന്ത്യക്കാരുടെയും വായിൽ നിന്നും അധികമായി കേട്ട വാക്ക് എന്ന് പറഞ്ഞാൽ അത് അധികമാവുകയില്ല. ജൂലൈ മാസം പതിനാലാം തീയതി ഇന്ത്യ ശൂന്യാകാശ ഗവേഷണ കേന്ദ്രത്തിൽ നിന്ന് ചന്ദ്രനിലേക്ക് അയച്ച ചന്ദ്രയാൻ - 3 എന്ന ബഹിരാകാശ പേടകം ഒരു മാസം നീണ്ട യാത്രയ്ക്ക് ശേഷം ഇതുവരെ ആരും പോയിട്ടില്ലാത്ത ദക്ഷിണ ധ്രുവത്തിൽ വിജയകരമായി നിലത്തിറങ്ങി വലിയ നേട്ടം കൈവശമാക്കിയിരിക്കുന്നു.

എന്നാൽ ഈ ജയം അത്ര എളുപ്പത്തിൽ വന്നതല്ല, ഇതിന് മുമ്പ് ഇന്ത്യൻ ശാസ്ത്രജ്ഞന്മാരാൽ അയക്കപ്പെട്ട ചന്ദ്രയാൻ - 2 ബഹിരാകാശ പേടകം ചന്ദ്രനിൽ തകർന്നു പോയത് വലിയ നിരാശയും പരാജയവും ഉണ്ടാക്കി. എന്നാൽ ആ തോൽവി കണ്ട് നമ്മുടെ ശാസ്ത്രജ്ഞർ മടുത്തുപോയില്ല. ഇതിനെക്കുറിച്ച് ചന്ദ്രയാൻ - 2 ന്റെ പദ്ധതി സംവിധായകൻ കെ ശിവൻ സംസാരിക്കുമ്പോൾ, ചന്ദ്രയാൻ-2 വീണ് തകർന്ന അന്നേദിവസം തന്നെ ഞങ്ങൾ ഞങ്ങളുടെ തെറ്റുകൾ ആരാഞ്ഞറിഞ്ഞു. ചന്ദ്രയാൻ മൂന്നിനായിട്ടുള്ള ജോലികൾ ആരംഭിച്ചു. എന്തെന്നാൽ കഴിഞ്ഞ കാല പരാജയങ്ങളിൽ നിന്ന് ഞങ്ങൾ അഭ്യസിച്ച പാഠങ്ങളിലൂടെ, ചന്ദ്രയാൻ മൂന്നിനെ രൂപകല്പന ചെയ്തു, ചില മാറ്റങ്ങൾ വരുത്തി അയച്ചു എന്ന് പറഞ്ഞു. ഇപ്പോൾ ഈ വിക്രം ലാൻഡർ, കൂടാതെ പ്രഗ്യാൻ റോവർ ചന്ദ്രനിൽ അനേക ഗവേഷണങ്ങൾ നടത്തി ചന്ദ്രനെ കുറിച്ചുള്ള ധാരാളം സന്ദേശങ്ങൾ നമുക്ക് തന്നിട്ടുണ്ട്.

ഇന്ന് അനേകം യൗവനക്കാർ തങ്ങളുടെ ആത്മീയ ജീവിതത്തിൽ പരാജയം, പ്രാർത്ഥനാ ജീവിതത്തിൽ പരാജയം, വിശുദ്ധ ജീവിതത്തിൽ പരാജയം എന്നിങ്ങനെ പല പരാജയങ്ങൾ നേരിട്ട് എനിക്ക് ദൈവത്തിനായി എഴുന്നേറ്റ് പ്രകാശിക്കുവാൻ കഴിയില്ല എന്നുള്ള അവസ്ഥയിലേക്ക് വന്നിരിക്കുന്നു. ഇന്ന് നിങ്ങളും ഇങ്ങനെയുള്ള പല തോൽവികൾ നേരിട്ട്, മടുത്ത് നിൽക്കുന്നുവോ? ഭാരപ്പെടേണ്ട, തളർന്നുപോകേണ്ട! നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ പരാജയത്തിന്റെ കാരണത്തെയും ചെയ്ത തെറ്റുകളെയും തിരിച്ചറിഞ്ഞ്, സൂക്ഷ്മ പരിശോധന ചെയ്ത്, അതിനെ ശരിയാക്കുമെങ്കിൽ നമ്മുടെ ആത്മീയ ജീവിതത്തിലും പ്രാർത്ഥനാ ജീവിതത്തിലും വിശുദ്ധി കാണുവാൻ കഴിയും.

14 ദിവസങ്ങൾ മാത്രം പ്രവർത്തിക്കുന്ന വിക്രം ലാൻഡറിനും, പ്രഗ്യാൻ റോവറിനും ഇത്ര വലിയ പ്രതീക്ഷയും ലോകം തിരിഞ്ഞ് നോക്കുംവിധം വലിയ പദ്ധതികളും ലക്ഷ്യങ്ങളും ജ്ഞാനികൾ കൽപ്പിച്ചിട്ടുണ്ടെങ്കിൽ, ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ കർത്താവ് അവന്റെ നാമം മഹത്വപ്പെടേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ മേൽ എത്ര വലിയ പദ്ധതികളും ലക്ഷ്യങ്ങളും വച്ചിട്ടുണ്ടാകും എന്ന് ചിന്തിച്ചു കൊൾക. ഇപ്പോൾ നിങ്ങളിൽ കാണപ്പെടുന്ന പരാജയം ജീവിതത്തിന്റെ അവസാനമായി കാണാതെ, പുതിയ ആരംഭത്തിനായിട്ടുള്ള അവസരമായി ചിന്തിച്ച് നിങ്ങളെ സമർപ്പിക്കുമെങ്കിൽ, വരുന്ന ഉണർവിൽ പുതിയ ഓട്ടം നിങ്ങൾക്കായി കാത്തിരിക്കുന്നു.

**"സീയോനേ, ഉണരുക, ഉണരുക നിന്റെ ബലം ധരിച്ചുകൊൾക .... പൊടി കുടഞ്ഞുകളക "(യെശയ്യാവ് 52:1,2)**